B2J3U6

# സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രം: അടിസ്ഥാനാശയങ്ങൾ

യൂണിറ്റ് 2

ഉള്ളടക്കം


**I. അർഥവും വ്യാപ്തിയും**
- ബ്രിട്ടിഷ്- അമേരിക്കൻ പാരമ്പര്യങ്ങൾ

**II. സംസ്കാരം എന്ന ആശയം**
- സംസ്കാരത്തിന്റെ നിർവചനം
- സംസ്കാരം അഥവാ നാഗരികത
- ഭൗതികസംസ്കാരവും ഭൗതികേതര സംസ്കാരവും

**III. സംസ്കാരവുമായി ബന്ധപ്പെട്ട പ്രധാനാശയങ്ങൾ**
- സ്വസംസ്കാരകേന്ദ്രോന്മുഖതയും സാംസ്കാരിക ആപേക്ഷികതയും
- സംസ്കാരത്തിന്റെ ആന്തരികവീക്ഷണവും ബാഹ്യവീക്ഷണവും
- സംസ്കാരഘടകവും സംസ്കാരഘടകസഞ്ചയവും
- സ്വസംസ്കാരസ്വാംശീകരണം
- അപരസംസ്കാരസ്വാംശീകരണം
- സാംസ്കാരിക ആഘാതം
- സാംസ്കാരികചലനമാന്ദ്യം

**IV. സമൂഹം എന്ന ആശയം**
- അർഥവും നിർവചനങ്ങളും
- സംസ്കാരവും സമൂഹവും
- സമുദായം
- സാമൂഹികസ്ഥാപനം
- സംഘടന
- സംഘം

**V. പദവിയും പങ്കും**
- ആർജിതപദവിയും ആരോപിത പദവിയും

**VI. സാമൂഹികഘടനയും സാമൂഹികസംഘാടനവും**

**VII. വംശീയവിവരണശാസ്ത്രവും വംശീയ താരതമ്യശാസ്ത്രവും**
- വംശീയവിവരണശാസ്ത്രം
- വംശീയവിവരണ പഠനങ്ങളുടെ ചരിത്രം
- വംശീയ താരതമ്യശാസ്ത്രം


## ആമുഖം

- നിങ്ങൾ മാതൃഭാഷയിൽ സംസാരിക്കാൻ പഠിച്ചത് എവിടെനിന്നാണ്?
- ആഹാരം കഴിക്കുന്ന വിധം എങ്ങനെ പഠിച്ചു?
- ആരാധനാരീതികൾ പരിശീലിച്ചത് എങ്ങനെ?

ഇവയൊന്നുംതന്നെ സ്വതസ്സിദ്ധമായവയല്ല. മറിച്ച് കുടുംബം, സൗഹൃദം, ബന്ധുത്വം, വിദ്യാലയം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളിൽനിന്നു മനസ്സിലാക്കിയതും ആർജിച്ചതുമാണ്. വിദ്യാലയങ്ങളിലേക്ക് ചുവടുവയ്ക്കുന്നതിനു മുൻപുതന്നെ കുടുംബത്തിൽ നിന്നു നമ്മൾ പലകാര്യങ്ങളും പഠിച്ചെടുക്കുന്നു. എന്നാൽ ആരാധനാരീതി, ഭക്ഷണശീലം, വസ്ത്രധാരണം, വീടുകളുടെ നിർമാണം എന്നിവയിലെല്ലാം നമുക്കിടയിൽ പ്രകടമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

- എന്തുകൊണ്ട് നമുക്കിടയിൽ ഇത്തരം വ്യത്യാസങ്ങൾ നിലനിൽക്കുന്നു?

ഇപ്രകാരം വ്യത്യസ്ത ജീവിതരീതികൾ നമ്മൾ പഠിച്ചെടുത്തത് നമ്മുടെ കുടുംബത്തിൽ നിന്നും സമുദായത്തിൽനിന്നും സമൂഹത്തിൽ നിന്നുമാണ്. നരവംശശാസ്ത്രജ്ഞർ കുടുംബം, സമുദായം, മതം എന്നിവയെ സാമൂഹിക സ്ഥാപനങ്ങളായാണ് പഠിക്കാറുള്ളത്. വ്യത്യസ്തമായ ജീവിതരീതി നിലനിർത്തുന്നതിൽ ഇത്തരം സാമൂഹികസ്ഥാപനങ്ങൾക്കുള്ള പങ്കാണ് ഇവരുടെ പഠനങ്ങളുടെ കാതൽ. എല്ലാ സമൂഹങ്ങൾക്കും വ്യത്യസ്ത ജീവിതരീതികളാണുള്ളത്. ഈ ജീവിതരീതിയുടെ

ആകത്തുകയെ നമ്മൾ സംസ്കാരം എന്നു പറയുന്നു. അതുകൊണ്ടുതന്നെ സംസ്കാരം ഇല്ലാതെ മനുഷ്യസമൂഹത്തിനോ സമൂഹമില്ലാതെ സംസ്കാരത്തിനോ നിലനിൽപ്പില്ല. എന്നിരുന്നാലും 'സമൂഹം', 'സംസ്കാരം' എന്നീ ആശയങ്ങൾ ഇപ്പോഴും അമൂർത്തതലങ്ങളിലാണ് നിലകൊള്ളുന്നത്. ഈ പാഠഭാഗത്തിലൂടെ സംസ്കാരം, സമൂഹം എന്നീ അമൂർത്തസങ്കൽപ്പങ്ങളുടെ ഏകദേശ വിവരണവും അവയുടെ വിവിധ ഘടകങ്ങളെക്കുറിച്ചും നിങ്ങൾക്ക് മനസ്സിലാക്കാം.

## I. സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ അർഥവും വ്യാപ്തിയും.
## (Meaning and scope of Social- Cultural Anthropology)

മനുഷ്യജീവിതത്തിന്റെ സാമൂഹിക-സാംസ്കാരികതലങ്ങളെക്കുറിച്ചും സാമൂഹിക സ്ഥാപനങ്ങളെക്കുറിച്ചും പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രം. പത്തൊമ്പതാം നൂറ്റാണ്ടുവരെ സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രം അത്രയേറെ ജനപ്രിയമായിരുന്നില്ല. പ്രാക്തനസമൂഹങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലേർപ്പെട്ടിരുന്നവർ പൊതുവെ വംശതാരതമ്യശാസ്ത്രജ്ഞർ (Ethnologists) എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ബ്രിട്ടനിൽ സാമൂഹികബന്ധങ്ങളെക്കുറിച്ചും സാമൂഹികഘടനയെക്കുറിച്ചുമുള്ള പഠനങ്ങളിലാണ് നരവംശശാസ്ത്രജ്ഞർ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. അതേസമയം മനുഷ്യരുടെ ജീവിതരീതി അഥവാ സംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾക്കാണ് അമേരിക്കയിലെ ആദ്യകാല നരവംശശാസ്ത്രജ്ഞർ പ്രാധാന്യം നൽകിയിരുന്നത്. ബ്രിട്ടനിൽ സമൂഹനരവംശശാസ്ത്രവും അമേരിക്കയിൽ സാംസ്കാരികനരവംശശാസ്ത്രവുമാണ് സർവകലാശാലകൾ വിഷയമായി പഠിപ്പിച്ചിരുന്നത്. ബ്രിട്ടന്റെയും അമേരിക്കയുടെയും വൈജ്ഞാനികപാരമ്പര്യങ്ങളുടെ സ്വാധീനത്താൽ, ഇന്ത്യയിൽ സാമൂഹിക-സാംസ്കാരിക നരവംശശാസ്ത്രമെന്ന തരത്തിലാണ് ഈ വിഷയം കൂടുതൽ പ്രചാരത്തിലുള്ളത്. അതുകൊണ്ടുതന്നെ സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ പ്രധാനശ്രദ്ധ സാമൂഹികഘടനയെയും സംസ്കാരത്തെയും കുറിച്ച് പഠിക്കുന്നതിലാണ്. എന്നാൽ പലയിടത്തും നരവംശശാസ്ത്രം, സാംസ്കാരികനരവംശശാസ്ത്രം, സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം, സാമൂഹികവും സാംസ്കാരികവുമായ നരവംശശാസ്ത്രം എന്നീ പേരുകൾ കാര്യമായ വ്യത്യാസങ്ങളില്ലാതെ പരസ്പരപൂരകങ്ങളായി ഉപയോഗിച്ചുവരുന്നു. ഇവയെല്ലാം ലോകത്തെല്ലായിടത്തും മനുഷ്യർ ജീവിക്കുന്നത് എങ്ങനെയെന്നതിനെക്കുറിച്ചും മനുഷ്യരുടെ സമകാലിക സംസ്കാരങ്ങളിലുള്ള സമാനതകളും വൈവിധ്യങ്ങളും കണ്ടെത്തുന്നതിനുള്ള പഠനങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്.

സാമൂഹിക- സാംസ്കാരികനരവംശശാസ്ത്രത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ അതിന്റെ ചില നിർവചനങ്ങൾ സഹായിക്കും.

### നിർവചനങ്ങൾ:(Definitions)

- ''*സമകാലീന- പ്രാക്തന സമൂഹങ്ങളുടെ സംസ്കാരത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹ നരവംശശാസ്ത്രം*"- പിഡിങ്ടൺ
- "മനുഷ്യസമൂഹങ്ങളെക്കുറിച്ചുള്ള താരതമ്യപഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സാമൂഹ്യശാസ്ത്രമാണ് സമൂഹനരവംശശാസ്ത്രം"- എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക.
- *"സാമൂഹിക രൂപങ്ങളുടെയും സാമൂഹികസ്ഥാപനങ്ങളുടെയും ചിട്ടയായുള്ള താരതമ്യ പഠനങ്ങളുടെ കാഴ്ചപ്പാടിൽ മനുഷ്യന്റെ സാമൂഹികപെരുമാറ്റത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹനരവംശശാസ്ത്രം"*—ചാൾസ് വിനിക്സ്
- 'ഇൻട്രഡക്ഷൻ ടു ആന്ത്രോപോളജി' (1956) എന്ന ഗ്രന്ഥത്തിൽ ബീൽസും ഹോയ്ജറും അഭിപ്രായപ്പെടുന്നത്, *ലോകത്ത് എല്ലായിടത്തും എക്കാലത്തുമുള്ള മനുഷ്യസംസ്കാരങ്ങളുടെ ഉദ്ഭവം, ചരിത്രം, പരിണാമം വികാസം എന്നിവയുടെ ഘടനയും പ്രവർത്തനവുമാണ്* സാംസ്കാരികനരവംശശാസ്ത്രത്തിൽ പഠിക്കുന്നത് എന്നാണ്.

- *സ്വാഭാവികപ്രകൃതിയോടും സാമൂഹികസാഹചര്യങ്ങളോടും ഇണങ്ങിച്ചേരാൻ മനുഷ്യർ കണ്ടുപിടിച്ച ഉപായങ്ങളെക്കുറിച്ചും സമുദായത്തിലെ അനുഷ്ഠാനങ്ങൾ പരിശീലിക്കുന്നതും നിലനിർത്തുന്നതും എങ്ങനെയെന്നും അവ ഒരു തലമുറയിൽ നിന്നു മറ്റൊരു തലമുറയിലേക്ക് എങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്നു എന്നുമാണ് സാംസ്കാരികനരവംശശാസ്ത്രം പഠിക്കുന്നത്* എന്നാണ് എം.ജെ. ഹെർസ്കോവിറ്റ്സ് അദ്ദേഹത്തിന്റെ 'മാൻ ആന്റ് ഹിസ് വർക്സ്' (1955) എന്ന പുസ്തകത്തിൽ നിർവചിച്ചിരിക്കുന്നത്.

മുകളിൽ നൽകിയ നിർവചനങ്ങളിൽ ചരിച്ചെഴുതിയ ഭാഗങ്ങൾ വിശകലനം ചെയ്ത് സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തുക.

- പൂർവസാക്ഷരസമൂഹങ്ങളെയും ആധുനികസമൂഹങ്ങളെയും കുറിച്ച് പഠിക്കുന്നു.
- സമൂഹഘടനയെയും അവയുടെ ധർമങ്ങളെയും കുറിച്ചാണ് ഈ വിജ്ഞാനശാഖ പഠിക്കുന്നത്.
- ...........................
- ............................

എന്തിനാണ് നമ്മൾ സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം പഠിക്കുന്നത്? ഉത്തരം വ്യക്തമാണ്.

*മനുഷ്യരുടെ പെരുമാറ്റത്തിലെ വൈവിധ്യത്തെ വിശകലനാത്മകമായി മനസ്സിലാക്കുകയും അംഗീകരിക്കുകയും അതിലൂടെ മനുഷ്യരുടെ പെരുമാറ്റരീതികളെക്കുറിച്ചുള്ള ഒരു ആധികാരിക ശാസ്ത്രീയത രൂപപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ് സാമൂഹിക സാംസ്കാരിക - നരവംശശാസ്ത്രത്തിന്റെ പ്രധാന ലക്ഷ്യം. ലോകത്തിന്റെ പല ഭാഗങ്ങളിലെയും മനുഷ്യരെക്കുറിച്ചുള്ള താരതമ്യപഠനത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്.*

സാമൂഹികവും സാംസ്കാരികവുമായുള്ള പല സവിശേഷതകളും സാർവത്രികമാണെന്നത് എല്ലാ നരവംശശാസ്ത്രജ്ഞരും അംഗീകരിക്കുന്ന വസ്തുതയാണ്. അത്തരം സവിശേഷതകൾ എല്ലാ സംസ്കാരങ്ങളിലും കാണപ്പെടുന്നുവെന്നാണ് അതിനർഥം. കുടുംബം, വിവാഹം, ബന്ധുത്വം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം, മതസംഘാടനം, സാമൂഹികനിയന്ത്രണം മുതലായവ ഈ പഠനങ്ങളുടെ ഭാഗമാണ്. സാമൂഹികബന്ധങ്ങളെക്കുറിച്ചു പഠിക്കുന്നതിന് ഇത്തരത്തിലുള്ള സംസ്കാരത്തിന്റെ സാർവത്രിക തലങ്ങളിലാണ് സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രജ്ഞർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. സാമൂഹികസ്ഥാപനങ്ങളുടെ ഉൽപ്പത്തി, വികാസം കാലാനുസൃതമായി അവയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെല്ലാം അവർ പഠനവിധേയമാക്കുന്നു. സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന് പല ഉപശാഖകളും ഉണ്ടെന്ന് നിങ്ങൾ ഒന്നാം അധ്യായത്തിൽ മനസ്സിലാക്കിയല്ലോ. ഈ ഓരോ ഉപപാഠശാഖയും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, നമ്മുടെ സമൂഹത്തിൽ മുതിർന്നവരുടെയും കുടുംബാംഗങ്ങളുടെയും പിന്തുണയോടെയും കൂടിയാലോചനകളിലൂടെയുമാണ് മിക്കവാറും വിവാഹങ്ങൾ ഔപചാരികമായി നടത്തപ്പെടുന്നത്. ഇതിനായി തീരുമാനമെടുക്കൽ, മതപരമായ അംഗീകാരം, ആചാരങ്ങൾ, സാമ്പത്തികബാധ്യത തുടങ്ങി വിവിധ തലങ്ങൾ ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ വിവാഹമെന്ന സാമൂഹികസ്ഥാപനത്തെക്കുറിച്ചു മനസ്സിലാക്കുന്നതിന് അതിന് മറ്റു സാമൂഹികസ്ഥാപനങ്ങളായ കുടുംബം, മതം രാഷ്ട്രീയ-സാമ്പത്തികമേഖലകൾ - എന്നിവയുമായുള്ള ബന്ധം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. അതിനാൽ സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം സംസ്കാരത്തിന്റെ ഈ വ്യത്യസ്തതലങ്ങൾ ആഴത്തിലും പരപ്പിലും സമഗ്രമായി പഠിക്കുന്ന സാമൂഹ്യശാസ്ത്രശാഖയാണ്.

മുൻപ് സൂചിപ്പിച്ചതുപോലെ മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായ തലങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ, സമൂഹത്തിനോ സംസ്കാരത്തിനോ ചിലപ്പോൾ രണ്ടിനുമോ പ്രാധാന്യം


നൽകുന്നതായിക്കാണാം. ഇത് ഏറിയപങ്കും ബ്രിട്ടനിലും അമേരിക്കയിലും നിലനിന്നിരുന്ന വിജ്ഞാനസമീപനങ്ങളുടെയും പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിലാണ്.


## ബ്രിട്ടിഷ് – അമേരിക്കൻ പാരമ്പര്യങ്ങൾ (British - American Traditions)

സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന് തുടക്കത്തിൽ നൽകിയ നിർവചനങ്ങൾ പരിശോധിച്ചാൽ ചില പണ്ഡിതർ സമൂഹനരവംശശാസ്ത്രം എന്നും ചിലർ സാംസ്കാരികനരവംശശാസ്ത്രം എന്നുമുള്ള സംജ്ഞകളാണ് ഉപയോഗിച്ചിരുന്നതെന്ന് വ്യക്തമാകും. എന്തുകൊണ്ടാണ് മനുഷ്യരുടെ ഒരേ തലങ്ങൾ കൈകാര്യം ചെയ്യുന്നവർ വ്യത്യസ്തപദങ്ങൾ ഉപയോഗിച്ചിരിക്കുന്നതെന്നറിയാൻ നിങ്ങൾക്ക് താൽപ്പര്യമുണ്ടാകുമല്ലോ. അതുപോലെതന്നെ സാമൂഹ്യനരവംശശാസ്ത്രം, സാംസ്കാരിനരവംശശാസ്ത്രം, സാമൂഹിക – സാംസ്കാരിക നരവംശശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത തലക്കെട്ടുകളോടുകൂടിയ പുസ്തകങ്ങളും നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ഉണ്ടായതെന്നും അവയുടെ ഉള്ളടക്കത്തിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ എന്നും അറിയേണ്ടതുണ്ട്.

*ഇന്റർനെറ്റ് വിവരങ്ങളുടേയോ നിങ്ങളുടെ ഗ്രന്ഥാലയത്തിൽ ലഭ്യമായിട്ടുള്ള മുകളിൽ പറഞ്ഞ പുസ്തകങ്ങളുടെയോ ഉള്ളടക്കത്തിലോ സമീപനത്തിലോ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ എന്നു കണ്ടെത്തുക. അവ ചർച്ചചെയ്ത് കുറിപ്പ് തയാറാക്കി അവതരിപ്പിക്കുക.*





ചിത്രം 2.1 വിവിധ നരവംശശാസ്ത്ര പാരമ്പര്യങ്ങൾ സൂചിപ്പിക്കുന്ന പുസ്തകങ്ങൾ

വളരെ വിശാലവും വൈവിധ്യമാർന്നതുമായ ഒരു വിഷയമാണ് നരവംശശാസ്ത്രം. പല രാജ്യങ്ങളിലും പല രീതിയിലാണ് ഈ വിഷയത്തെ പിന്തുടരുന്നത്. സമൂഹനരവംശശാസ്ത്രമെന്നാണ് ബ്രട്ടനിലും മറ്റു കോമൺവെൽത്ത് രാജ്യങ്ങളിലും പ്രചാരത്തിലുള്ള പേര്. സാമൂഹികഘടനകളെയും സാമൂഹികബന്ധങ്ങളെയും കുറിച്ചുള്ള പഠനങ്ങൾക്കാണ് അവർ കൂടുതൽ ഊന്നൽ നൽകുന്നത്. സമൂഹമാണ് സംസ്കാരത്തെക്കാൾ പ്രധാനമെന്ന് അവർ കരുതുന്നു. മനുഷ്യസമൂഹം ഇല്ലാതെ സംസ്കാരം നിലനിൽക്കാത്തതുകൊണ്ട് അവർ ഈ പഠനമേഖലയെ സമൂഹനരവംശശാസ്ത്രമെന്ന് പറയുന്നു. ബ്രിട്ടിഷ് നരവംശശാസ്ത്രജ്ഞരായ റാഡ്ക്ലിഫ് ബ്രൗൺ, ഡബ്ല്യു. എച്ച്. ആർ. റിവേഴ്സ്, മലിനോവ്സ്കി, ഇവാൻസ് പ്രിച്ചാർഡ് തുടങ്ങിയവരാകട്ടെ, അവരുടെ രചനകളിൽ സമൂഹനരവംശശാസ്ത്രമെന്ന പേരാണ് ഉപയോഗിച്ചിരിക്കുന്നത്. കുടുംബം, വിവാഹം, ബന്ധുത്വം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം തുടങ്ങിയ സാമൂഹികബന്ധങ്ങളുടെ പഠനങ്ങളിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

സംസ്കാരമാണ് മനുഷ്യന്റെ നിലനിൽപ്പിന്റെ ഏറ്റവും പ്രധാന ഘടകമെന്നായിരുന്നു അമേരിക്കൻ നരവംശശാസ്ത്രജ്ഞർ വാദിച്ചിരുന്നത്. മനുഷ്യസമൂഹത്തെ വ്യത്യസ്തമാക്കുന്നത് സംസ്കാരമാണ്. സംസ്കാരത്തിന്റെ ഉദ്ഭവം, വികാസം, വ്യത്യസ്ത സമൂഹങ്ങളിൽ തലമുറകളായി അവ കൈമാറ്റം ചെയ്യപ്പെടുന്നതെങ്ങനെ എന്നിവയാണ് അവർ പഠനവിധേയമാക്കിയത്. അവരുടെ അഭിപ്രായത്തിൽ സംസ്കാരത്തിൽ സമൂഹവും ഉൾപ്പെടുന്നു. അതുകൊണ്ട് അവർ സാംസ്കാരികനരവംശശാസ്ത്രമെന്ന പദം ഉപയോഗിച്ചു. എറിക്സൺ, ഹെർസ്കോവിറ്റ്സ് തുടങ്ങിയവരുടെ നിർവചനങ്ങളിൽ ഇത് വ്യക്തമാണ്.

ബ്രിട്ടന്റെ സ്വാധീനത്താൽ ഇന്ത്യയിലും ആദ്യകാലത്ത് സമൂഹനരവംശശാസ്ത്രം എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ത്യയിലെ അമേരിക്കൻ നരവംശശാസ്ത്രജ്ഞരുടെ സ്വാധീനം, ഇന്ത്യൻ നരവംശശാസ്ത്രജ്ഞരുടെ സമീപനത്തിൽ മാറ്റം വരുത്തി. ഇന്ത്യൻ സാഹചര്യത്തിൽ സമൂഹത്തെയും സംസ്കാരത്തെയും വേറിട്ടുകാണാൻ കഴിയില്ലെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ടുതന്നെ സമൂഹം, സംസ്കാരം എന്നിവയെ സമന്വയിപ്പിച്ച് സാമൂഹിക- സാംസ്കാരികനരവംശശാസ്ത്രം എന്ന പദം ഉപയോഗിച്ചുപോരുന്നു.



*നരവംശശാസ്ത്രത്തിന്റെ ചരിത്രരചനയിൽ ഇവാൻസ് പ്രിച്ചാർഡ് ഇപ്രകാരം പറയുന്നു: "ബ്രിട്ടനിൽ ഈ വിഷയം സാമൂഹിക നരവംശശാസ്ത്രം എന്ന പേരിലോ, വംശീയ താരതമ്യ പഠനം എന്ന പേരിലോ ആയിരുന്നില്ല. മറിച്ച് 1885 മുതൽ നരവംശശാസ്ത്രം എന്ന പേരിലായിരുന്നു ഓക്സ്ഫഡ് സർവ്വക്ലാശാലയിൽ ഈ വിഷയം പഠിപ്പിച്ചിരുന്നത്. 1900-ൽ കേംബ്രിഡ്ജിലും 1908- ൽ ലണ്ടൻ സർവ്വകലാശാലയിലും ഈ പഠനം ആരംഭിച്ചു. സമൂഹനരവംശശാസ്ത്രവിഭാഗം എന്ന സർവകലാശാല പഠനവിഭാഗം ആദ്യമായി ആരംഭിച്ചത് 1908-ൽ ആണ്."*

*(ഉറവിടം: സോഷ്യൽ ആന്ത്രോപോളജി)*

*എസ്.എൽ.ദോഷി, പി.സി.ജെയ്ൻ.2002*

സാമൂഹിക- സാംസ്കാരിക നരവംശശാസ്ത്രം പ്രധാനമായും ശ്രദ്ധിക്കുന്നത് സമൂഹത്തെയും സംസ്കാരത്തെയും കുറിച്ചുള്ള പഠനത്തിലാണ്. ഈ രണ്ട് ആശയങ്ങളെക്കുറിച്ചും വിശദമായി അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെയെല്ലാം വസ്ത്രധാരണം, ഭക്ഷണരീതികൾ, വാസസ്ഥലം, ശിശുപരിപാലനം എന്നിവയൊന്നും ഒരുപോലെയല്ലെന്ന് നമ്മൾ നേരത്തേ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇവയെല്ലാം കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ മൃഗങ്ങളുടെ കാര്യം നോക്കൂ. അവയുടെ താമസസ്ഥലം, ഭക്ഷണശീലം, ശിശുപരിപാലനം എന്നിവയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ? ഇല്ല. എന്തുകൊണ്ടാണിങ്ങനെ? മനുഷ്യരെ മറ്റു ജീവികളിൽ നിന്നു വേർതിരിച്ചുനിർത്തുന്നത് ഏതു ഘടകമാണ്? ഉത്തരം വളരെ വ്യക്തമാണ്. ജീവിതരീതിയാണ്, സംസ്കാരമാണ് മനുഷ്യരെ മറ്റു ജീവികളിൽ നിന്നു വ്യത്യസ്തരാക്കുന്നത്. സംസ്കാരം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യരുടെ ജീവിതരീതിയിലും പെരുമാറ്റത്തിലുമെല്ലാം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. സംസ്കാരമെന്ന ഈ ആശയമാണ് സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രത്തിന്റെ അടിസ്ഥാന പഠനമേഖല.

## II. സംസ്കാരം എന്ന ആശയം (Concept of Culture)

പൊതു ജീവിതചര്യയാണ് മനുഷ്യരെ മറ്റു ജീവികളിൽ നിന്നു വ്യത്യസ്തനാക്കുന്നത്. എന്നാൽ എല്ലാ മനുഷ്യസമൂഹങ്ങൾക്കും ഒരേ ജീവിതരീതിയല്ല ഉള്ളത്. സംസ്കാരം മനുഷ്യനെ മറ്റു ജീവികളിൽനിന്ന് പൊതുവായും മറ്റു മനുഷ്യസമൂഹങ്ങളിൽനിന്ന് പ്രത്യേകിച്ചും വ്യത്യസ്തനാക്കുന്നുണ്ട്. സംസ്കാരമെന്ന പദം പല അർഥങ്ങളിൽ പ്രയോഗിക്കാറുണ്ട്. ഒരു ശാസ്ത്രീയപദമെന്ന നിലയിൽ സമൂഹത്തിന്റെ ജീവിതരീതിയുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും അതുൾക്കൊള്ളുന്നു. ഭക്ഷ്യോൽപ്പാദനം, വസ്ത്രധാരണം, ഭക്ഷണശീലം, കല, കരകൗശലം,

വിദ്യാഭ്യാസം, വിശ്വാസങ്ങൾ, മൂല്യങ്ങൾ, സാഹിത്യം തുടങ്ങിയവയെല്ലാം സംസ്കാരത്തിന്റെ ഭാഗമായി കരുതുന്നു. അതുകൊണ്ട് മനുഷ്യരുടെ പെരുമാറ്റങ്ങളുടെയും (വാമൊഴിയായവയും അല്ലാത്തവയും) മനുഷ്യനിർമിത ഉൽപ്പന്നങ്ങളുടെയും (ഭൗതികവും ഭൗതികേതരവും) ആകത്തുകയാണ് സംസ്കാരം. സംസ്കാരത്തെക്കുറിച്ചുള്ള ചില നിർവചനങ്ങൾ ഈ ആശയത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായകമായിരിക്കും.

## സംസ്കാരം : നിർവചനങ്ങൾ (Definitions of Culture)

- *''പരിസ്ഥിതിയിലെ മനുഷ്യനിർമിതമായ ഭാഗമാണ് സംസ്കാരം"* - എം.ജെ. ഹെർസ്കോവിറ്റ്സ്
- *"സംസ്കാരമെന്നത് സാമൂഹജീവിതത്തിന്റെ ക്രമീകരണവും സംഘാടനവുമാണ്"* - റൂത്ത് ബനഡിക്റ്റ്
- *"പൂർവാർജിതവസ്തുക്കൾ, സാധനങ്ങൾ, സാങ്കേതികപ്രക്രിയകൾ, ആശയങ്ങൾ, ശീലങ്ങൾ, മൂല്യങ്ങൾ എന്നിവയുടെ സമാഹാരമാണ് സംസ്കാരം"*- ബി.കെ. മലിനോവ്സ്കി.
- എഡ്വേർഡ് ബർണറ്റ് ടെയ്‌ലർ (E.B Tailor1871) ആണ് സംസ്കാരത്തിന് ആദ്യത്തെ നരവംശശാസ്ത്രനിർവചനം നൽകിയത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ *''സമൂഹത്തിലെ ഒരംഗമെന്ന നിലയിൽ മനുഷ്യൻ ആർജിക്കുന്ന അറിവ്, വിശ്വാസങ്ങൾ, കല, സദാചാരം, നിയമം, അനുഷ്ഠാനം, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയുടെ സഞ്ചയസങ്കലനമാണ് സംസ്കാരം".*

മേൽ നിർവചനങ്ങൾ വിശകലനം ചെയ്ത് സംസ്കാരത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

- സംസ്കാരം സങ്കീർണമാണ്.
- സംസ്കാരം മനുഷ്യനിർമിതമാണ്.
- ഭൗതികവും ഭൗതികേതരവുമായ തലങ്ങൾ ചേർന്നതാണു സംസ്കാരം.
- സംസ്കാരം മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നു.
- സംസ്കാരം എപ്പോഴും സമൂഹാധിഷ്ഠിതമാണ്. അത് കേവലം വ്യക്തിയുടേതല്ല.
- സംസ്കാരത്തിന് പൊരുത്തപ്പെടാനുള്ള കഴിവുണ്ട്.
- സംസ്കാരം ആർജിച്ചെടുക്കുന്നതാണ്. സംസ്കാരവൽക്കരണത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്, അല്ലാതെ പരമ്പരാഗതമായി ലഭിക്കുന്നതല്ല.
- സംസ്കാരങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലൂടെ സംസ്കാരവ്യാപനം സാധ്യമാകുന്നു.
- ഒരു സംസ്കാരവും ശ്രേഷ്ഠമോ അധമമോ അല്ല.
- ...............................
- ...............................
- ...............................

മേൽ സുചിപ്പിച്ച സവിശേഷതകളിൽനിന്ന് എല്ലാ മനുഷ്യസമൂഹങ്ങൾക്കും സംസ്കാരമുണ്ടെന്ന് മനസ്സിലായിക്കാണുമല്ലോ. അഥവാ സംസ്കാരമില്ലാത്ത ഒരു സമൂഹവും ലോകത്തില്ല എന്നർഥം. എന്നാൽ ചില സംസ്കാരങ്ങൾ മറ്റു സംസ്കാരങ്ങളേക്കാൾ സാങ്കേതികമായി പുരോഗമിച്ചവയാണ്. ചില സംസ്കാരങ്ങൾ പൂർണമായും പ്രകൃതിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. എന്നാൽ, മറ്റുചില സംസ്കാരങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഭക്ഷ്യോൽപ്പാദനം നടത്തുന്നത്. അക്ഷരജ്ഞാനമുള്ളതും അല്ലാത്തതുമായ സംസ്കാരങ്ങളുണ്ട്. അക്ഷരങ്ങളുടെ കണ്ടുപിടിത്തം മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ചില പണ്ഡിതർ, പ്രത്യേകിച്ച് ആദ്യകാല നരവംശശാസ്ത്രജ്ഞർ ഇതിനെ

സംസ്കാരത്തിന്റെ വികാസമായിട്ടാണ് കണക്കാക്കുന്നത്. അവർ അതിനെ നാഗരികത എന്നു വിളിക്കുന്നു.

## സംസ്കാരം അഥവാ നാഗരികത (Culture vis-à-vis Civilization)

ചെറിയ ക്ലാസുകളിൽ നിങ്ങൾ പല നാഗരികതകളെക്കുറിച്ചും പഠിച്ചിട്ടുണ്ടാവുമല്ലോ.

- സിന്ധുനദീതട നാഗരികത
- ………………..
- ………………..

നാഗരികതയുടെ കാലഘട്ടത്തിലെ ജീവിതരീതിയുടെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു?

- വീട് , ഭൗതികസൗകര്യങ്ങൾ, വിശ്വാസങ്ങൾ........

ഇത് ആ കാലഘട്ടത്തിലെ ജനങ്ങളുടെ ജീവിതരീതിയാണ്. ഒരു പ്രത്യേക സമൂഹത്തിന്റെ ജീവിതരീതിയെ സംസ്കാരം എന്ന് ലളിതമായ ഭാഷയിൽ പറയാം. എന്നാൽ ചില പണ്ഡിതർ സംസ്കാരത്തെ നാഗരികതയിൽനിന്നു വേർതിരിക്കുന്നു. സാംസ്കാരികപുരോഗതിയിൽ ഏറ്റവും ഉയർന്ന തലമായാണ് അവർ നാഗരികതയെ കാണുന്നത്. പട്ടണകേന്ദ്രീകൃതമായ പൗരസമൂഹസംഘാടനമാണ് നാഗരികതയുടെ പ്രത്യേകത. ബന്ധുത്വത്തിലധിഷ്ഠിതമായ നാട്ടുരാജാക്കൻമാരുടെയോ പ്രാദേശികഭരണാധികാരികളുടെയോ നിയന്ത്രണസ്വഭാവത്തിലല്ല ഈ പൗരസമൂഹങ്ങൾ. കുടുംബം, തറവാട്, കുലം തുടങ്ങിയ ബന്ധുത്വഗണങ്ങൾ നിർണായകസ്വാധീനം ചെലുത്തുന്ന പരമ്പരാഗതസമൂഹങ്ങളിൽനിന്നു നാഗരികത തികച്ചും ഭിന്നമാണ്. ടെയ്‌ലർ, എൽ.എച്ച്.മോർഗൻ എന്നിവർ നാഗരികതയെ സംസ്കാരത്തിന്റെ വികസിതരൂപമായി കണക്കാക്കുന്നു. അവരാകട്ടെ, സാമൂഹികവികാസത്തെ കാടത്തം (Savagery), അപരിഷ്കൃതം (Barbarism), നാഗരികത (Civilisation) എന്നീ മൂന്നു ഘട്ടങ്ങളായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അക്ഷരലിപിയുടെയും എഴുത്തിന്റെയും കണ്ടുപിടിത്തമാണ് പൊതുവെ നാഗരികതയുടെ പ്രത്യേകതയായി കണക്കാക്കപ്പെടുന്നത്. എല്ലാ സമൂഹങ്ങൾക്കും തനതായ സംസ്കാരമുണ്ട്. നാഗരികത സംസ്കാരത്തിന്റെ മറ്റൊരു ഭേദമാണ്.

*സംസ്കാരം, നാഗരികത എന്നിവയുടെ അടിസ്ഥാനത്തിൽ താഴെക്കൊടുത്ത പ്രസ്താവനകൾ ചർച്ചചെയ്യുക.*



- ഒരു സംസ്കാരവും അധമമോ ശ്രേഷ്ഠമോ അല്ല.
- സംസ്കാരം സാർവത്രികമാണ്.
- അങ്ങനെയാണെങ്കിൽ നാഗരികതയെ സംസ്കാരത്തിന്റെ വികസിതരൂപമായി കരുതുന്നത് ഔചിത്യമല്ല. നിങ്ങളുടെ നിഗമനങ്ങൾ ക്ലാസിൽ അവതരിപ്പിക്കൂ.

സംസ്കാരത്തിന്റെ ചില ഘടകങ്ങൾ നേരിട്ടു കാണാൻ പറ്റുന്നവയും മറ്റുചിലത് നേരിട്ടു കാണാൻ പറ്റാത്തവയുമാണ്. വീട്, വസ്ത്രം, ആഭരണം തുടങ്ങിയവ കാണാൻ പറ്റുന്നതും അറിവ്, വിശ്വാസങ്ങൾ, ആചാരങ്ങൾ തുടങ്ങിയവ കാണാൻ സാധിക്കാത്തതുമാണ്. ലിപിയുടെ കണ്ടുപിടിത്തം നാഗരികതയുടെ ഒരു പ്രധാന സവിശേഷതയാണെന്ന് നിങ്ങൾക്കറിയാമല്ലോ. അക്ഷരങ്ങൾ കാണാൻ പറ്റുന്നത് എന്ന വിഭാഗത്തിൽ പെടുത്താൻ പറ്റുമോ? എഴുതപ്പെട്ടാൽ അവ കാണാൻ സാധിക്കും. എന്നാൽ, ഭാഷയിലെ ഇത്തരം ചിഹ്നങ്ങൾ (ലിപി) അറിയുന്നവർക്ക് മാത്രമേ അവ അർഥവത്താകുന്നുള്ളൂ. മറ്റുള്ളവർക്ക് അവ വെറും അടയാളങ്ങളോ അർഥമില്ലാത്ത രൂപങ്ങളോ

ആയിരിക്കും. അതുകൊണ്ടുതന്നെ ലിപിയെ ദൃശ്യമായ സംസ്കാരഘടകം എന്ന വിഭാഗത്തിൽ പെടുത്താൻ സാധ്യമല്ല. ഒരു സംസ്കാരത്തിന്റെ ദൃശ്യതലങ്ങളെക്കുറിച്ചും അദൃശ്യതലങ്ങളെക്കുറിച്ചുമുള്ള പരിജ്ഞാനം ആ സംസ്കാരത്തെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കും.

## ഭൗതികവും ഭൗതികേതരവുമായ സംസ്കാരം
## (Material and Non- material culture)

ഭൗതികവും ഭൗതികേതരവുമായ തലങ്ങൾ ഉൾക്കൊള്ളുന്നതാണ് സംസ്കാരം. സംസ്കാരത്തിന്റെ ദൃശ്യമായ തലങ്ങളെയാണ് ഭൗതികസംസ്കാരം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

മലിനോവ്സ്കിയുടെ അഭിപ്രായത്തിൽ സംസ്കാരത്തിന്റെ ഭൗതികതലമാണ് ഭൗതികസംസ്കാരം. വീട്, വീട്ടുപകരണങ്ങൾ, റോഡ്, ഗതാഗതമാർഗങ്ങൾ, ആയുധങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു.

നേരിട്ട് ദൃശ്യമാകാത്ത സാംസ്കാരികതലങ്ങളാണ് ഭൗതികേതരസംസ്കാരത്തിലുള്ളത്. അറിവ്, വിശ്വാസങ്ങൾ, തത്ത്വശാസ്ത്രം, മതം, ആശയങ്ങൾ തുടങ്ങിയവ ഭൗതികേതര സാംസ്കാരിക ഘടകങ്ങളാണ്. ജനങ്ങളുടെ ജീവിതരീതികൾ സൂക്ഷ്മമായി മനസ്സിലാക്കുന്നതിലൂടെ മാത്രമേ ഇത്തരം ഭൗതികേതരസംസ്കാരങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

*നിങ്ങളുടെ വിദ്യാലയത്തിലെ ഭൗതികവും ഭൗതികേതരവുമായ ഘടകങ്ങളെല്ലാമെഴുതി ഒരു പട്ടിക തയാറാക്കുക.*



## പഠനപുരോഗതി വിലയിരുത്താം


1. എ.ബി. എന്നീ കോളങ്ങൾ ഉചിതമായ രീതിയിൽ യോജിപ്പിക്കുക (ചേരുംപടി ചേർക്കുക)

| A | B |
|---|---|
| സമൂഹനരവംശശാസ്ത്രം | ഇന്ത്യൻ പാരമ്പര്യം |
| സാംസ്കാരികനരവംശശാസ്ത്രം | ബ്രിട്ടിഷ് പാരമ്പര്യം |
| സാമൂഹിക - സാംസ്കാരിക നരവംശശാസ്ത്രം | അമേരിക്കൻ പാരമ്പര്യം |

## III. സംസ്കാരവുമായി ബന്ധപ്പെട്ട ആശയങ്ങൾ
## (Concepts related to Culture)

വിശ്വാസങ്ങൾ സംസ്കാരത്തിന്റെ ഒരു പ്രധാന ഭാഗമാണെന്ന് നമ്മൾ കണ്ടുവല്ലോ. വ്യത്യസ്ത വിശ്വാസങ്ങളാണ് വിവിധ സംസ്കാരങ്ങളിൽ നിലനിൽക്കുന്നത്. അതത് സംസ്കാരത്തിന്റെ തനതായ ലോകവീക്ഷണത്തിൽനിന്നാണ് ഇവ രൂപപ്പെടുന്നതും വികസിക്കുന്നതും. ഒരു സംസ്കാരത്തിൽ ഉൾച്ചേർന്നിട്ടുള്ള വിശ്വാസരീതികൾ മറ്റൊരു സംസ്കാരത്തിന് ഉണ്ടായിക്കൊള്ളണമെന്നില്ല.

താഴെക്കൊടുത്ത അഭിപ്രായങ്ങൾ ശ്രദ്ധിക്കൂ. ആരുടെ വീക്ഷണമാണ് ശരി?




പ്രസ്താവനകളിൽനിന്ന് നിങ്ങൾക്ക് എന്തൊക്കെ അനുമാനങ്ങളിൽ എത്തിച്ചേരാൻ കഴിയും? ജനങ്ങൾ പലപ്പോഴും തങ്ങളുടെ സംസ്കാരത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മറ്റു സംസ്കാരങ്ങളെ വിലയിരുത്താറുള്ളത്. സാംസ്കാരികവൈവിധ്യം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഇത്തരം സമീപനങ്ങൾ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. വംശീയകലാപങ്ങളും സാംസ്കാരികസംഘർഷങ്ങളും ഇത്തരം സമീപനങ്ങളുടെ ഫലമാണ്. അപരസംസ്കാരങ്ങളെ സ്വസാംസ്കാരികമൂല്യങ്ങൾക്കനുസരിച്ച് വിലയിരുത്തുന്ന സമീപനത്തിനെതിരെ നരവംശശാസ്ത്രജ്ഞർ എന്നും വാദിച്ചിട്ടുണ്ട്. ഇത് സ്വസംസ്കാരകേന്ദ്രിതത്വം, സാംസ്കാരിക ആപേക്ഷികത എന്നീ രണ്ടു ആശയങ്ങൾക്ക് രൂപം നൽകി.

## സ്വസംസ്കാരകേന്ദ്രിതത്വവും സാംസ്കാരിക ആപേക്ഷികതയും

## (Ethnocentrism and Cultural relativism)

തങ്ങളുടെ സംസ്കാരത്തിന്റെ രീതികളുടെയും (വഴക്കങ്ങൾ) മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ അപരസംസ്കാരങ്ങളെ വിലയിരുത്തുന്ന സമീപനമാണ് സ്വസംസ്കാരകേന്ദ്രിതത്വം. തങ്ങളുടെ സംസ്കാരം യഥാർഥവും ശ്രേഷ്ഠവുമാണെന്നും മറ്റുള്ളവ വിചിത്രവും അർഥശൂന്യവുമാണെന്നുമാണ് ഭൂരിഭാഗം ആളുകളുടെയും ധാരണ. എന്നാൽ, നമ്മുടെ സംസ്കാരഘടകങ്ങളുടെ മാനദണ്ഡമനുസരിച്ച് ഇതരസംസ്കാരങ്ങളെ വിലയിരുത്തുന്നതുകൊണ്ടാണ് ഇങ്ങനെ ചിന്തിക്കേണ്ടിവരുന്നത്. ഈ മനോഭാവത്തെയാണ് സ്വസംസ്കാരകേന്ദ്രിതത്വം എന്നു പറയുന്നത്.

മുൻകാല നരവംശശാസ്ത്രജ്ഞർപോലും അപരിഷ്കൃതർ, പ്രാകൃതർ തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചത് സ്വസംസ്കാരകേന്ദ്രിതത്വമനോഭാവത്തോടെയാണ്. കോളനിവൽക്കരണകാലഘട്ടത്തിൽ അന്യസംസ്കാരങ്ങളുടെ പഠനങ്ങളിൽ ഈ മനോഭാവം പ്രകടമായിരുന്നു. ബ്രിട്ടിഷുകാർ അവരുടെ ജീവിതവും ഭാഷയും സംസ്കാരവും മറ്റുള്ളവരേക്കാൾ മികച്ചതാണെന്നു കരുതുകയും കോളനികളിലെ ജനങ്ങളെ പരിഷ്കരിക്കേണ്ടത് തങ്ങളുടെ കടമയാണെന്നു കരുതുകയും ചെയ്തു.





സ്വസംസ്കാരകേന്ദ്രിതത്വത്തിന്നേർവിപരീതമായ ആശയമാണ് സാംസ്കാരികാപേക്ഷികതാവാദം (ചിലർ വംശീയാപേക്ഷികത എന്ന പദം ഉപയോഗിക്കുന്നു). ഓരോ സംസ്കാരത്തെയും അതിന്റെ

സ്വന്തം മാനദണ്ഡങ്ങൾക്കനുസരിച്ച് മനസ്സിലാക്കണമെന്നതാണ് ഇതിന്റെ അടിസ്ഥാനം. ഒരു സംസ്കാരത്തിൽ അധിഷ്ഠിതമായ വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ മറ്റൊരു സംസ്കാരത്തെ വിലയിരുത്തരുതെന്ന നിബന്ധന ഈ വാദം മുന്നോട്ടുവയ്ക്കുന്നു. സംസ്കാരങ്ങളെ ശ്രേഷ്ഠം, അധമം എന്ന ദ്വന്ദ്വമായി വിഭജിക്കരുതെന്നതാണ് സാംസ്കാരിക ആപേക്ഷികതയുടെ അടിസ്ഥാനം. ഒരു സംസ്കാരവും മറ്റൊരു സംസ്കാരത്തേക്കാൾ നല്ലതോ ചീത്തയോ അല്ല. ഓരോ സംസ്കാരത്തെയും തനതായ രീതികളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വേണം വിലയിരുത്തേണ്ടത്. സാംസ്കാരികവൈവിധ്യങ്ങൾ അംഗീകരിച്ച് ബഹുമാനിക്കുക എന്നതാണ് സാംസ്കാരികാപേക്ഷികതാ സമീപനത്തിന്റെ ലക്ഷ്യം.





അപരസംസ്കാരങ്ങളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുന്നതിലൂടെ മാത്രമേ സാംസ്കാരികാപേക്ഷികത എന്ന സമീപനം കൂടുതൽ വികസിപ്പിക്കാൻ കഴിയൂ. അപരസംസ്കാരവുമുള്ളവരുമായി ചങ്ങാത്തം സ്ഥാപിക്കുക, ഭക്ഷണം പങ്കുവയ്ക്കുക, പുസ്തകങ്ങൾ വായിക്കുക, പാട്ടു കേൾക്കുക തുടങ്ങിയ വഴികളിലൂടെ മാത്രമേ വ്യത്യസ്തസംസ്കാരങ്ങളെ ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയുകയുള്ളൂ. സാംസ്കാരികാപേക്ഷികതയെന്ന ആശയം നരവംശശാസ്ത്രത്തിന്റെ വിലയേറിയ സംഭാവനയാണ്.






*മുകളിൽ കൊടുത്ത സംഭാഷണങ്ങൾ വിലയിരുത്തി താഴെക്കൊടുത്തവ നിങ്ങളുടെ സംഘത്തിൽ ചർച്ച ചെയ്യുക.*



- *സാംസ്കാരികവൈവിധ്യം നിലനിൽക്കുന്ന ഇന്ത്യപോലുള്ള രാജ്യങ്ങളിൽ സാംസ്കാരികാപേക്ഷികത എന്ന സമീപനം സാധ്യമാണോ?*
- *മനുഷ്യാവകാശലംഘനവും സാംസ്കാരിക ആപേക്ഷികതാവാദവും ഒരുമിച്ചു കൊണ്ടുപോകുന്നതു കരണീയമാണോ?*

*നിങ്ങളുടെ കണ്ടെത്തലുകൾ ഒരു റിപ്പോർട്ടായി അവതരിപ്പിക്കുക.*

ഓരോ സംസ്കാരവും തങ്ങളുടെ വിശ്വാസങ്ങളെയും മൂല്യങ്ങളെയും മഹത്തരവും ശ്രേഷ്ഠവുമായി കരുതിപ്പോരുന്നു. ഉദാഹരണമായി തൊട്ടുകൂടായ്മ, ശിശുഹത്യ തുടങ്ങിയവ ആചാരങ്ങ

ളായി കണക്കാക്കുന്ന സമൂഹങ്ങൾക്ക് അവ ഒരിക്കലും അനാചാരമായി തോന്നുകയില്ല. എന്നാൽ ഈ ആചാരങ്ങളോട് മറ്റു സംസ്കാരങ്ങൾക്കുള്ള കാഴ്ചപ്പാട് വ്യത്യസ്തമായിരിക്കും. ഒരു പ്രത്യേക സംസ്കാരത്തിലെ ഒരംഗം ആ സംസ്കാരത്തെ ഉൾക്കൊള്ളുന്നതുപോലെയല്ല ആ സംസ്കാരത്തിനു പുറമെയുള്ള മറ്റൊരു വ്യക്തി ആ സംസ്കാരത്തെ മനസ്സിലാക്കുന്നത്. അന്യ സംസ്കാരങ്ങളെക്കുറിച്ചു പഠിക്കുന്നതിനാൽ നരവംശശാസ്ത്രജ്ഞർക്ക് ഈ വ്യത്യാസങ്ങൾ മനസ്സിലാക്കാൻ കഴിയും. സംസ്കാരത്തിന്റെ ഈ രണ്ടു തലങ്ങൾ അകംവീക്ഷണം, പുറംവീക്ഷണം എന്നീ ആശയങ്ങൾ മനസ്സിലാക്കുന്നതിലൂടെ കൂടുതൽ വ്യക്തമാകും.

### സംസ്കാരത്തിന്റെ അകംവീക്ഷണവും (Emic view)

### പുറംവീക്ഷണവും (Etic view)

ജനങ്ങൾ തങ്ങളുടെ സ്വന്തം സംസ്കാരത്തിന്റെ കാഴ്ചപ്പാടിൽ ചിന്തിക്കുന്നത് അകംവീക്ഷണവും അതേ സംസ്കാരത്തെക്കുറിച്ച് മറ്റു സംസ്കാരത്തിലുള്ളവർക്കുള്ള കാഴ്ചപ്പാട് പുറംവീക്ഷണവുമാണ്. അകംവീക്ഷണം എന്നത് ഒരു സംസ്കാരത്തിലെ അംഗമെന്ന നിലയിൽ ഒരു വ്യക്തി മനസ്സിലാക്കുന്നത് എന്താണ് എന്നതും എന്താണ് ചെയ്യുന്നതെന്നതുമാണ്. യാഥാർഥ്യങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാടും ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവരുടെ വിശദീകരണവും ഇതിൽപ്പെടും.

താഴെ കൊടുത്ത ഉദാഹരണങ്ങളിലെ അകംവീക്ഷണവും പുറംവീക്ഷണവും നിരീക്ഷിക്കൂ.

| അകംവീക്ഷണം (Emic view) | പുറംവീക്ഷണം (Etic view) |
|---|---|
| ശരീരത്തിൽനിന്നു മുറിച്ചുമാറ്റിയ മുടി, നഖം എന്നിവ തുറസ്സായ സ്ഥലങ്ങളിൽ വലിച്ചെറിയരുത്. കാരണം, അവ ഉപയോഗിച്ച് ദുർമന്ത്രവാദം ചെയ്താൽ ആ വ്യക്തിക്ക് ദോഷം വരും എന്ന് ഒരു പ്രാദേശികവിശ്വാസം നിലവിലുണ്ട്. | മുടി, നഖം എന്നിവ അലസമായി വലിച്ചെറിയുന്നത് വൃത്തിഹീനമാണ്. അവ ഭക്ഷണത്തിൽ കലരാൻ സാധ്യതയുണ്ട്. |
| ചില ഹിന്ദുകുടുംബങ്ങളിൽ, വീടിനുള്ളിൽ തേങ്ങമുറി മലർത്തിവയ്ക്കാൻ മുതിർന്നവർ സമ്മതിക്കില്ല. കാരണം, മരണാനന്തരകർമവുമായി ബന്ധപ്പെട്ടാണ് ഇങ്ങനെ ചെയ്യുന്നത് എന്ന വിശ്വാസമാണ്. | തേങ്ങമുറി തുറന്നുവച്ചാൽ പെട്ടെന്ന് ബാഷ്പീകരണം നടന്ന് ഉണങ്ങിപ്പോവുകയും പാചകാവശ്യത്തിന് ഉപയോഗിക്കാൻ പറ്റാതാവുകയും ചെയ്യും. |

നിങ്ങൾക്കറിയാമോ?

*ഭാഷാശാസ്ത്രജ്ഞനായ കെന്നത്ത് പൈക്ക് ആണ് ഫോണിമിക്, ഫാണറ്റിക് എന്നീ പദങ്ങളിൽനിന്ന് എമിക്, എറ്റിക് എന്നീ പദങ്ങൾ രൂപീകരിച്ചത്.*

സമൂഹനരവംശശാസ്ത്രജ്ഞരും വംശീയവിവരണശാസ്ത്രജ്ഞരും പങ്കാളിത്തനിരീക്ഷണമെന്ന രീതിശാസ്ത്രത്തിലൂടെയാണ് സംസ്കാരത്തിന്റെ അകംവീക്ഷണം മനസ്സിലാക്കുന്നത്. വംശവി

വരണപഠനങ്ങളിൽ ഗവേഷകർ ജനങ്ങളുടെ സ്വന്തം സംസ്കാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും (അകംവീക്ഷണം) ആ സംസ്കാരത്തോട് പുറമെയുള്ളവരുടെ വീക്ഷണവും (പുറംവീക്ഷണം) താരതമ്യം ചെയ്യാറുണ്ട്. ഒരു സംസ്കാരത്തിന്റെ അർഥവും പ്രാധാന്യവും ആ സംസ്കാരത്തിനുള്ളിലുള്ളവർ എങ്ങനെ കാണുന്നു എന്നതുപോലെത്തന്നെ പ്രധാനമാണ് ആ സംസ്കാരത്തെക്കുറിച്ച് അതിനു പുറത്തുനിന്നുള്ളവരുടെ കാഴ്ചപ്പാടും. ഒരു സംസ്കാരം എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയാൻ പ്രാദേശിക പ്രസ്താവനകൾ, കാഴ്ചപ്പാടുകൾ വർഗീകരണങ്ങൾ എന്നിവ വംശവിവരണശാസ്ത്രജ്ഞരെ സഹായിക്കുന്നു. അതേസമയം ബാഹ്യമായ വീക്ഷണം വസ്തുനിഷ്ഠമായ മറ്റു വിശദീകരണങ്ങളും നൽകുന്നു. അതിനേക്കാളുപരി, ഒരു പ്രത്യേക വിശ്വാസത്തിൽ അന്തർലീനമായ യുക്തി ചിലപ്പോൾ അതിനുള്ളിലുള്ളവർ അതേക്കുറിച്ച് ബോധമുള്ളവരല്ലെങ്കിൽക്കൂടി പുറംവീക്ഷണത്തിലൂടെ മനസ്സിലാക്കാവുന്നതാണ്. സമഗ്രമായ സംസ്കാരപഠനത്തിന് ഗവേഷകർ ആന്തരികവീക്ഷണവും ബാഹ്യവീക്ഷണവും ഒരേപോലെ സ്വീകരിക്കേണ്ടതുണ്ട്.

*പ്രാദേശികവിശ്വാസങ്ങളും ആചാരങ്ങളും ശേഖരിച്ച് ആന്തരികവും ബാഹ്യവുമായ അർഥങ്ങൾ കണ്ടെത്താം.*



ഭൗതികവും ഭൗതികേതരവുമായ സംസ്കാരങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇപ്പോൾ നിങ്ങൾക്ക് ക്ലാസ്മുറി ഒരു പഠനയൂണിറ്റായി കണക്കാക്കി സംസ്കാരഘടകങ്ങൾ വേർതിരിച്ചെഴുതാൻ കഴിഞ്ഞേക്കാം. ഇവയിൽ ബെഞ്ച്, മേശ, കസേര, ചോക്ക്, ജനൽ തുടങ്ങിയ ഭൗതികമായ വസ്തുക്കളും പഠിപ്പിക്കൽ, സുഹൃദ്ബന്ധങ്ങൾ, പാഠ്യക്രമം, അച്ചടക്കം തുടങ്ങിയ ഭൗതികേതരഘടകങ്ങളും ഉൾക്കൊള്ളുന്നു. ഇവ ഓരോന്നിനെയും നിങ്ങൾക്ക് ഉപയോഗത്തിന്റെ അടിസ്ഥാനത്തിലും അർഥപൂർണമായ രീതിയിലും വീണ്ടും എത്രത്തോളം വിഭജിക്കാൻ കഴിയും? ഉദാഹരണത്തിന്, മേശയെ വീണ്ടും വിഭജിച്ചാൽ അതിന് ഉപയോഗമോ അർഥമോ നഷ്ടപ്പെട്ടേക്കാം. സാംസ്കാരികഘടകങ്ങളെ ഇങ്ങനെ ഏറ്റവും ചെറിയ അർഥപൂർണമായതും ഉപയോഗപ്രദവുമായ ഭാഗങ്ങളായി തരംതിരിക്കാം. സംസ്കാരത്തെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിന് ഇത്തരം ഘടകങ്ങളെക്കുറിച്ചുള്ള അറിവുകൾ അനിവാര്യമാണ്.

## സംസ്കാരഘടകവും സംസ്കാരഘടകസഞ്ചയവും
## (Culture trait & Culture complex)


സംസ്കാരത്തിന്റെ ഏറ്റവും സൂക്ഷ്മവും പുനർവിഭജനത്തിന് സാധ്യമല്ലാത്തതുമായ ഭാഗമാണ് സംസ്കാരഘടകം. സംസ്കാരത്തിന്റെ ധർമങ്ങൾ നിർവഹിക്കുന്ന ഏറ്റവും ചെറിയ ഘടകങ്ങളാണവ. അവയെ വീണ്ടും വിഭജിച്ചാൽ അവയ്ക്ക് പ്രത്യേക അർഥമോ ധർമമോ ഉണ്ടാവണമെന്നില്ല. സംസ്കാരഘടകങ്ങൾ ഭൗതികമോ ഭൗതികേതരമോ ആവാം. വീട്, റേഡിയോ, മൊബൈൽഫോൺ, വാച്ച്, ടെലിവിഷൻ, വീട്ടുപകരണങ്ങൾ, വസ്ത്രം, ആഭരണങ്ങൾ തുടങ്ങിയവയാണ് ഭൗതികഘടകങ്ങൾ. വിശ്വാസങ്ങൾ, മൂല്യങ്ങൾ, അറിവ്, ആശയങ്ങൾ, ചിഹ്നങ്ങൾ, ആംഗ്യങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ തുടങ്ങിയവ ഭൗതികേതര സാംസ്കാരികഘടകങ്ങളാണ്.

ബഹുമുഖങ്ങളായ സംസ്കാരഘടകങ്ങൾ ഒന്നിച്ചുചേർന്ന് സംസ്കാരത്തിന്റെ അർഥവത്തായ സഞ്ചയമാകുമ്പോൾ അതിനെ സംസ്കാരഘടകസഞ്ചയം (Culture complex)എന്നു പറയാം. സംസ്കാരഘടകത്തെ സംസ്കാര ഘടകസഞ്ചയത്തിൽനിന്ന് വേർതിരിച്ചാൽ അത് അർഥശൂന്യമായിരിക്കും. ഉദാ: ചോക്ക് എന്ന സംസ്കാരഘടകത്തിന് ക്ലാസ്മുറി വിദ്യാഭ്യാസം എന്ന സംസ്കാരഘടകസഞ്ചയത്തിന്റെ ഭാഗമായാണ് പ്രാധാന്യം ലഭിക്കുന്നത്. ചോക്കിനെ




ക്ലാസ്മുറിയുടെ ധർമപശ്ചാത്തലത്തിൽനിന്നു കൃഷി സ്ഥലപശ്ചാത്തലത്തിൽ അവതരിപ്പിച്ചാൽ അതിന് പ്രത്യേകിച്ച് അർഥമോ ഉപയോഗമോ ഉണ്ടായിരിക്കില്ല. കുടുംബം, വിവാഹം, മതം, വ്യവസായസ്ഥാപനം, കൃഷി എന്നിവയെല്ലാം സംസ്കാരസഞ്ചയമാണ്. അടുക്കളയെ ഒരു സംസ്കാരഘടകസഞ്ചയമായി കണക്കാക്കിയാൽ പാത്രങ്ങൾ, കത്തി, ഗ്ലാസ്, മിക്സി, ഭക്ഷണം ഉണ്ടാക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള അറിവുകൾ എന്നിവ അതിന്റെ ഘടകങ്ങളാണ്.

*കുടുംബം, വിവാഹം, മതം എന്നിവ സംസ്കാരഘടകസഞ്ചയങ്ങളായി എടുത്ത് അവയിൽ ഉൾപ്പെടുന്ന സംസ്കാരഘടകങ്ങളുടെ ഒരു ചാർട്ട് തയാറാക്കുക.*



കുട്ടികൾ അച്ഛനും അമ്മയുമായി കളിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകും. എവിടെനിന്നാണ് അവർ ഇത് പഠിക്കുന്നത്? കുടുംബത്തിൽ അച്ഛൻ, അമ്മ, മുതിർന്നവർ തുടങ്ങിയവരുടെ കടമകൾ അവർ മനസ്സിലാക്കിയിട്ടുണ്ട്. യഥാർഥത്തിൽ അവർ അത് അനുകരിക്കുകയാണ്. അതുപോലെത്തന്നെ ബോധപൂർവമല്ലാതെ നമ്മൾ പലകാര്യങ്ങളും കുടുംബത്തിൽനിന്നു പഠിക്കുന്നു.

- എങ്ങനെയാണ് നിങ്ങൾ പ്രാർഥനാരീതികളും ചടങ്ങുകളും പഠിച്ചത്?
- സമൂഹത്തിലെ മറ്റുള്ളവരുമായി ഇടപഴകാൻ നിങ്ങൾ എങ്ങനെയാണ് ശീലിച്ചത്?
- നിങ്ങളുടെ ബന്ധുക്കളെ സംബോധന ചെയ്യാൻ നിങ്ങൾ എങ്ങനെ പഠിച്ചു?
  - രക്ഷിതാക്കളെ നിരീക്ഷിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെ.
  - ..........................
  - ..........................



ചിത്രം. 2.2 - സ്വസംസ്കാരാർജനം

## സ്വസംസ്കാരാർജനം (Enculturation)

ഒരു വ്യക്തി സ്വന്തം ജീവിതരീതിയും പെരുമാറ്റവും തന്റെ സംസ്കാരത്തിൽനിന്നു പഠിച്ചെടുക്കുന്ന പ്രക്രിയയാണ് സ്വസംസ്കാരാർജനം. സംസ്കാരത്തിലെ ഒരു സജീവപങ്കാളിയായിത്തീരാൻ ഇത് ആ വ്യക്തിയെ സഹായിക്കുന്നുണ്ട്. ഒരു സംസ്കാരത്തിനുള്ളിൽ നിലനിൽക്കുന്ന മൂല്യങ്ങളും രീതികളും അറിഞ്ഞിരുന്നാൽ മാത്രമേ ഒരാൾക്ക് തന്റെ സമൂഹത്തിലെ തികഞ്ഞ പങ്കാളിയാവാൻ കഴിയുകയുള്ളൂ. ഒരു കുട്ടി തന്റെ ബന്ധുക്കളെ സംബോധനചെയ്യേണ്ട രീതി, മുതിർന്നവരോടുള്ള പെരുമാറ്റം, സംസ്കാരത്തിലെ വിശ്വാസങ്ങളും ആചാരങ്ങളും തുടങ്ങി



ചിത്രം.2.3: സ്വസംസ്കാരാർജനം

എല്ലാ സാംസ്കാരികഘടകങ്ങളും സ്വാംശീകരിക്കുന്നത് നിരീക്ഷണത്തിലൂടെയും അനുകരണത്തിലൂടെയുമാണ്. ഓരോ വ്യക്തിയും തന്റെ കടമകൾ, പ്രശ്നങ്ങൾ, അവ തരണം ചെയ്യേണ്ട രീതി, മറ്റുള്ളവരുമായി സഹകരിക്കേണ്ട വിധം, ആതിഥ്യമര്യാദകൾ, പ്രായമായവരെ സംരക്ഷിക്കേണ്ടവിധം തുടങ്ങിയ പലതും കുടുംബത്തിൽ നിന്നുതന്നെ പരിശീലിക്കേണ്ടതാണ്. ജനനം മുതൽ മരണം വരെ തുടരുന്ന പ്രക്രിയയാണ് സ്വസംസ്കാരാർജനം. കുടുംബത്തിൽനിന്ന് അടിസ്ഥാനപരമായ പെരുമാറ്റരീതികൾ സ്വായത്തമാക്കിയാണ് വ്യക്തികൾ സമൂഹത്തിൽ ഇടപഴകാൻ പ്രാപ്തരാകുന്നത്. പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ തങ്ങൾ നേടിയെടുത്ത അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പെരുമാറ്റരീതികൾ ആർജിക്കുന്നു. ഒരു മുതിർന്ന വ്യക്തിക്കുപോലും തന്റെ ജോലിയെക്കുറിച്ചും വിവാഹജീവിതത്തെക്കുറിച്ചും എങ്ങനെ പുതിയ ബന്ധുക്കളോട് പെരുമാറണം എന്നതിനെക്കുറിച്ചുമെല്ലാം മനസ്സിലാക്കേണ്ടതുണ്ട്. അതിനാൽ സ്വസംസ്കാരാർജനം ഒരു തുടർപ്രക്രിയയാണ്. മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മുതിർന്നവർ, കളിക്കൂട്ടുകാർ, സമൂഹം എന്നിവയെല്ലാം ഒരു വ്യക്തിയെ സംസ്കാരസ്വാംശീകരണത്തിനു സഹായിക്കുന്നു.

ചില പ്രത്യേക സാഹചര്യങ്ങളിൽ മനുഷ്യർ സ്വമനസ്സോടെയോ അല്ലാതെയോ മറ്റു സംസ്കാരങ്ങൾ പഠിക്കാറുണ്ട്. ഉദാഹരണത്തിന്, ഗോത്രവർഗക്കാർക്ക് തനതായ ഭാഷ ഉണ്ടെങ്കിലും അവർ മറ്റു സംസ്കാരങ്ങളുമായി ബന്ധം പുലർത്തേണ്ടുന്നതിനായി അവരുടെ ഭാഷ പഠിച്ചെടുക്കാറുണ്ട്. അതുപോലെ പുതിയ സാഹചര്യത്തിലുള്ള ഒരാളുമായി ആശയവിനിമയം നടത്താൻ വ്യക്തിക്ക് പുതിയ ഭാഷ പഠിച്ചെടുക്കേണ്ടിവരും. ഈ രണ്ടു സാഹചര്യങ്ങളിലും അവരുടെ സംസ്കാരത്തിന് അപരസംസ്കാരത്തിന്റെ സ്വാധീനത്താൽ ചില മാറ്റങ്ങൾ സംഭവിച്ചേക്കാം. നരവംശശാസ്ത്രജ്ഞർ ഇത്തരം സാംസ്കാരികമാറ്റങ്ങളുടെ പ്രക്രിയയെക്കുറിച്ചുള്ള പഠനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

## അപരസംസ്കാരാർജനം (Acculturation)

മറ്റൊരു സംസ്കാരവുമായുള്ള നിരന്തരബന്ധംകൊണ്ട് ഒരു സംസ്കാരത്തിനുണ്ടാകുന്ന മാറ്റങ്ങളെയാണ് അപരസംസ്കാരാർജനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തിനുമേൽ ബോധപൂർവമായോ അപ്രതീക്ഷിതമായോ ആധിപത്യം സ്ഥാപിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ഉദാഹരണമായി, പാശ്ചാത്യസംസ്കാരവുമായുള്ള ബന്ധം നിമിത്തം ഇന്ത്യൻസംസ്കാരത്തിൽ കാതലായുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുപോലെ, ഇന്ത്യയിലും ലോകം മുഴുവനുമുള്ള ഗോത്രസംസ്കാരങ്ങൾക്കും ഗോത്രേതര സംസ്കാരങ്ങളുടെ സ്വാധീനത്താൽ വളരെയധികം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

സാങ്കേതികവിദ്യയിലും രാഷ്ട്രീയമേഖലയിലും കഴിഞ്ഞ ദശാബ്ദങ്ങളിൽ ഉണ്ടായ മാറ്റങ്ങളുടെ ഫലമായി ഒറ്റപ്പെട്ടു നിലനിന്നിരുന്ന പ്രാദേശികസമൂഹങ്ങൾക്ക് അവരുടെ അസ്തിത്വം നഷ്ട

പ്പെട്ടുകൊണ്ടിരിക്കയാണ്. സാംസ്കാരികശോഷണത്തിലൂടെയും സംസ്കാര വിനിമയത്തിലൂടെയുമാണ് ഈ പ്രക്രിയ നടക്കുന്നത്.

## സംസ്കാരശോഷണവും സംസ്കാരവിനിമയവും (Deculturation and Transculturation)

മറ്റു സംസ്കാരങ്ങളുമായുള്ള നിരന്തരമായ സമ്പർക്കംമൂലം ഒരു സംസ്കാരത്തിന് സ്വത്വം നഷ്ടപ്പെടുന്നതിനെയാണ് സംസ്കാരശോഷണം എന്നു പറയുന്നത്. പല ഗോത്രവർഗങ്ങൾക്കും ബാഹ്യമായ സംസ്കാരങ്ങളുടെ സമ്പർക്ക ഫലമായി സാംസ്കാരികാസ്തിത്വം നഷ്ടമായിട്ടുണ്ട്.

സംസ്കാരങ്ങൾ തമ്മിലുള്ള സംസ്കാരഘടകങ്ങളുടെ കൈമാറ്റമാണ് സംസ്കാരവിനിമയം. ഇന്ത്യൻ സംസ്കാരം ഇംഗ്ലീഷ് ഭാഷയെ സ്വീകരിച്ചതും യൂറോപ്യൻ സംസ്കാരം ആയുർവേദത്തെ സ്വീകരിച്ചതും സംസ്കാരവിനിമയത്തിന് ഉദാഹരണങ്ങളാണ്.

*സംസ്കാരശോഷണം,സംസ്കാരവിനിമയം എന്നിവയുമായി ബന്ധപ്പെട്ട് നിങ്ങൾക്കു പരിചിതമായ സാഹചര്യങ്ങൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.*



## സംസ്കാരാഘാതം (Culture Shock)

നമ്മുടേതിൽ നിന്നു തികച്ചും വ്യത്യസ്തമായ ഭാഷ, ഭക്ഷണരീതി, വിശ്വാസങ്ങൾ എന്നിവ പുലർത്തുന്ന സംസ്കാരവുമായി സമ്പർക്കത്തിലേർപ്പെടേണ്ടി വരുന്നത് ഒന്ന് സങ്കൽപ്പിച്ചുനോക്കൂ. നിങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരിക്കും?

- ആശയവിനിമയത്തിലെ പ്രശ്നങ്ങൾ
- ഭക്ഷണത്തിലെ പ്രശ്നങ്ങൾ
- ....................................................
- ....................................................

ഈ അപരിചിതമായ ചുറ്റുപാടിൽ അനുഭവിക്കേണ്ടിവരുന്ന വൈകാരികസംഘർഷങ്ങളെയാണ് സംസ്കാരാഘാതം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഇത് ഒരു വ്യക്തിയിൽ അന്യവൽക്കരണവും ഭീതിയും ജനിപ്പിച്ചേക്കാം. അപരിചിതമായ ഒരു സാംസ്കാരികസാഹചര്യത്തെ ആദ്യമായി അഭിമുഖീകരിക്കേണ്ടിവരുമ്പോൾ വ്യക്തിക്ക് അനുഭവപ്പെടുന്ന മാനസികവും സാമൂഹികവുമായ പൊരുത്തക്കേടിനെ സംസ്കാരാഘാതം എന്നു പറയാം. ഉദാഹരണമായി, പാമ്പിന്റെ



**നരവംശശാസ്ത്രജ്ഞർക്ക് സംസ്കാരാഘാതം ഉണ്ടായിട്ടുണ്ടോ?**

പഴുത്തതും ചീഞ്ഞതുമായ മാങ്ങ, വാഴപ്പഴം, പാഷൻ ഫ്രൂട്ട് എന്നിവയുടെ ഗന്ധവും ഈച്ചകളുടെ മൂളലുമാണ് ബഹിയ സമുദായത്തിൽ ആദ്യം എന്റെ ശ്രദ്ധയാകർഷിച്ചത്. അതൊന്നും എനിക്ക് മുൻപരിചയമില്ലായിരുന്നു. അരി,കറുത്ത പയർ, തിരിച്ചറിയാൻ കഴിയാത്ത മാംസം, പൊങ്ങിക്കിടക്കുന്ന തോൽ എന്നിവയുടെ ഒരു അപൂർവമിശ്രിതം....തക്കാളിയും പോത്തിന്റെ നാവും ചേർത്തുണ്ടാക്കിയ ഒരു "ഓട്ട് മീൽ സൂപ്പ്" ഞാനിപ്പോഴും ഓർക്കുന്നു.....കണ്ണ് മുറിച്ചുമാറ്റിയിട്ടില്ലാത്ത, അഴുകിത്തുടങ്ങിയ ഒരു മീൻതലയായിരുന്നു ഒരു ഭക്ഷണത്തിൽ. അതെന്നെ തുറിച്ചുനോക്കുന്നു.......സാവധാനം ആ ഗന്ധവും സ്വാദും ഒച്ചയും എനിക്ക് പരിചിതമായിത്തുടങ്ങി.

ഉറവിടം: കോർണാട് കോട്ടാക്ക് ഫിലിപ്പ് അസൗൾ ഓൺ പാരഡൈസ്: സോഷ്യൽ ചെയ്ഞ്ച് ഇൻ എ ബ്രസീലിയൻ വില്ലേജ് (1999)

മാംസം ഒരു സാധാരണ ഭക്ഷണരീതിയായി കരുതുന്ന സംസ്കാരത്തിൽ അത്തരം ഭക്ഷണം ഉപയോഗിക്കാത്ത ഒരാൾ ജീവിക്കാൻ നിർബന്ധിതനാവുമ്പോൾ അയാൾക്കഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധിയെ സംസ്കാരാഘാതമായി കണക്കാക്കാം. സ്വസംസ്കാരകേന്ദ്രിതത്വമുള്ള വർക്ക് സംസ്കാരാഘാതം കൂടുതലായി അനുഭവിക്കേണ്ടിവരും. എന്നാൽ സാംസ്കാരിക- ആപേ ക്ഷികതാമനോഭാവമുള്ളവർക്ക് ഇത്തരം സാഹചര്യങ്ങളുമായി എളുപ്പത്തിൽ പൊരുത്തപ്പെടാനും സംസ്കാരാഘാതത്തിൽനിന്ന് ഒഴിവാകാനും കഴിയും.

സാംസ്കാരികാപേക്ഷികതാസമീപനത്തോടെ മറ്റു സംസ്കാരങ്ങളിൽ പര്യവേക്ഷണം നടത്തുന്ന നരവംശശാസ്ത്രജ്ഞർക്ക് സംസ്കാരാഘാതം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.



*നിങ്ങൾക്ക് എപ്പോഴെങ്കിലും സംസ്കാരാഘാതം അഭിമുഖീകരിക്കേണ്ടിവന്നി ട്ടുണ്ടോ? കുറിപ്പ് തയാറാക്കുക.*

കഴിഞ്ഞ ദശാബ്ദത്തിൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാങ്കേതികവിദ്യയുടെ പുരോഗതി യുണ്ടായിട്ടുണ്ട്. പ്രായമായവർക്കുപോലും ഇത്തരം സാങ്കേതികവിദ്യകളോട് വൈമുഖ്യം പുലർത്താൻ കഴിയില്ല. മൊബൈൽഫോൺ, ഇന്റർനെറ്റ്, ഗതാഗതം തുടങ്ങിയ ആധുനികസൗക ര്യങ്ങൾ ജീവിതത്തെ കുറച്ചുകൂടി സുഖപ്രദമാക്കിത്തീർത്തു. എങ്കിലും തങ്ങളുടെ പരമ്പരാഗത മായ വിശ്വാസങ്ങൾ മാറ്റാൻ ചില ആളുകൾ തയാറാവുന്നില്ല. ഉദാഹരണമായി, രോഗം വരുത്തു ന്നതിൽ പ്രകൃത്യതീതശക്തികൾക്ക് സ്ഥാനമുണ്ടെന്ന വിശ്വാസം മാറ്റാൻ ചില വിഭാഗം ജന ങ്ങൾ മടികാണിക്കുന്നു. എന്തുകൊണ്ടാണിങ്ങനെ? ഭൗതികേതരസംസ്കാരത്തിനുണ്ടാകുന്ന മാറ്റങ്ങൾ ഭൗതികസംസ്കാരവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ സാവധാനമായാണ് നടക്കുന്നതെന്നാണ് നരവംശശാസ്തജ്ഞരുടെ അഭിപ്രായം.

## സംസ്കാരമാന്ദ്യം (Culture lag)

'സോഷ്യൽ ചെയ്ഞ്ച്'എന്ന പുസ്തകത്തിലാണ് ഡബ്ല്യു.എഫ്. ഓഗ്ബേൺ 'സംസ്കാരമാന്ദ്യം' എന്ന ആശയം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭൗതികേതര സംസ്കാര ത്തിന്റെ ഭാഗമായ വിശ്വാസങ്ങൾ, മൂല്യങ്ങൾ, സദാചാരങ്ങൾ എന്നിവയെ അപേക്ഷിച്ച് ഭൗതിക സംസ്കാരം വളരെ പെട്ടെന്നു മാറ്റങ്ങൾക്കു വിധേയമാകുന്നു. ഭൗതികസംസ്കാരത്തിന്റെയും ഭൗതികേതരസംസ്കാരത്തിന്റെയും മാറ്റത്തിന്റെ നിരക്കിലുണ്ടാകുന്ന അന്തരമാണ് സംസ്കാര മാന്ദ്യം. സയൻസിലും സാങ്കേതികവിദ്യയിലും ഉണ്ടായിട്ടുള്ള പുരോഗതികൊണ്ട് നമ്മുടെ ഭൗതിക സംസ്കാരം ത്വരിതഗതിയിൽ മാറിയിട്ടുണ്ട്. നമ്മൾ റെയിൽവേ, റോഡ്, വിമാനത്താവളം, ഡാമു കൾ, വലിയ കെട്ടിടങ്ങൾ എന്നിവയൊക്കെ നിർമിക്കുകയും ആധുനികസാങ്കേതികവിദ്യയുടെ ഒരു തുറന്നലോകം തന്നെ ഇന്ന് നമ്മുടെ മുമ്പിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഭൗതികസംസ്കാരത്തിന്റെ പല ഘടകങ്ങളും പാശ്ചാത്യരാജ്യങ്ങളിൽനിന്ന് ഇന്ത്യ സ്വീകരിച്ചി ട്ടുണ്ട്. ഇന്ന് മറ്റേത് പാശ്ചാത്യനഗരങ്ങളോടും കിടപിടിക്കത്തക്ക വളർച്ച ഭൗതികസംസ്കാരത്തിൽ ഇന്ത്യൻ നഗരങ്ങൾക്കുണ്ട്. കല, വസ്ത്രം,വിനോദം, ഭക്ഷണം, ഉപകരണം എന്നീ മേഖലക ളിൽ ത്വരിതഗതിയിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും മതവിശ്വാസങ്ങൾ, സാംസ്കാരിക മൂല്യ ങ്ങൾ എന്നിവയിലുള്ള മാറ്റത്തിന്റെ ഗതി വളരെ സാവധാനമാണ്. ഈ രണ്ടു സാംസ്കാരികതല ങ്ങളിലുമുള്ള മാറ്റങ്ങളുടെ അന്തരമാണ് സംസ്കാരമാന്ദ്യം.

## പഠനപുരോഗതി വിലയിരുത്താം

1. കോളം എ, ബി എന്നിവ യോജിച്ച രീതിയിൽ ചേർത്തെഴുതുക.

| A | B |
|---|---|
| സംസ്കാരത്തിന്റെ ദൃശ്യമായ തലങ്ങൾ | സംസ്കാര ഘടകങ്ങൾ |
| സംസ്കാരത്തിന്റെ പ്രവർത്തനക്ഷമമായ ഏറ്റവും ചെറിയ ഘടകം | സാംസ്കാരികാ പേക്ഷികത |
| ഒരു സംസ്കാരത്തിലെ വിശ്വാസങ്ങൾ, മൂല്യങ്ങൾ, സദാചാരനിയമങ്ങൾ | സ്വസംസ്കാരാർ-ജനം |
| സ്വസംസ്കാരമാണ് ഏറ്റവും മഹത്തായത് എന്നു കരുതുന്നു. | സംസ്കാര ശോഷണം |
| ഒരു കുട്ടി ബന്ധുത്വസംജ്ഞാപദങ്ങൾ പഠിക്കുന്നു. | സ്വസംസ്കാര കേന്ദ്രിതത്വം |
| സമ്പദ്‌വ്യവസ്ഥ വികസിച്ചെങ്കിലും സ്ത്രീകളുടെ പദവിയിൽ കാര്യമായ മാറ്റം സംഭവിച്ചില്ല. | ഭൗതികേതര സംസ്കാരം |
| ഓരോ സംസ്കാരത്തിനും തനതായ മൂല്യങ്ങളുണ്ട്. | ഭൗതികസംസ്കാരം |
| സാംസ്കാരികസമ്പർക്കം മൂലം ഗോത്രവർഗങ്ങൾക്ക് അവരുടെ യഥാർഥസംസ്കാരം നഷ്ടപ്പെട്ടു. | സംസ്കാര മാന്ദ്യം |

2. ഒറ്റപ്പെട്ടത് കണ്ടെത്തി ന്യായീകരിക്കുക.
   കുടുംബം, രാഷ്ട്രീയപ്പാർട്ടി, വിദ്യാർഥിസംഘടന, തൊഴിലാളിസംഘടന.
3. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്നു സംസ്കാരസഞ്ചയം, സങ്കീർണത എന്നിവയുടെ ജോടി കണ്ടെത്തുക.
   (അച്ഛൻ, കൃഷി, പ്രാർഥന, ബ്ലാക്ക്ബോർഡ്, സ്കൂൾ, അരിവാൾ, മതം, കുടുംബം)



ചിത്രം 2.4 തേനീച്ചകളുടെയും ഉറുമ്പുകളുടെയും സമൂഹം

സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രത്തിന്റെ കേന്ദ്രപ്രമേയമായ 'സംസ്കാര'ത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെട്ടല്ലോ. ഇതിലെ മറ്റൊരു പ്രധാനാശയമാണ് 'സമൂഹം'. സമൂഹം എന്ന ആശയത്തിന് പല സാഹചര്യങ്ങളിലും പല അർഥങ്ങളാണുള്ളത്. ഗോത്രസമൂഹം, കേരളസമൂഹം, നഗരസമൂഹം, ക്ഷീരോൽപ്പാദക സംഘം, ഗിരിജൻ സഹകരണസംഘം തുടങ്ങി പല തരത്തിലുള്ള സമൂഹങ്ങളെക്കുറിച്ച് മുൻക്ലാസുകളിൽ നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ. സമൂഹം മനുഷ്യന് മാത്രം ഉള്ളതാണോ? ഉറുമ്പ്, തേനീച്ച, ചെന്നായ്ക്കൾ എന്നിവയ്ക്കും സമൂഹമുണ്ട്. മറ്റു ജീവികളുടെ സമൂഹങ്ങളും മനുഷ്യസമൂഹവും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്? നിത്യജീവിതത്തിൽ സമൂഹം

എന്ന പദം, അതിന്റെ യഥാർഥ അർഥമറിയാതെ, പല സാഹചര്യങ്ങളിലും നമ്മൾ ഉപയോഗിക്കാറുണ്ട്. സമൂഹം എന്ന ആശയത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് ഈ അധ്യായത്തിൽ നമുക്കു വിലയിരുത്താം.

## IV. സമൂഹം എന്ന ആശയം : അർഥവും നിർവചനവും
## (Concept of Society: Meaning and Definition)

വ്യക്തികൾ ചേർന്നതാണ് സമൂഹം. പരസ്പരം പങ്കുവയ്ക്കപ്പെടുന്ന പെരുമാറ്റരീതികളുടെ അടിസ്ഥാനത്തിലാണ് വ്യക്തികൾ ബന്ധപ്പെട്ടിരിക്കുന്നത്. വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധങ്ങളുടെ ഒരു ശൃംഖല തന്നെ സമൂഹത്തിൽ നിലനിൽക്കുന്നു. ഈ സാമൂഹികബന്ധങ്ങളും സാമൂഹികവ്യവഹാരങ്ങളുമാണ് സമൂഹത്തിന്റെ ആണിക്കല്ല്. പങ്കുവയ്ക്കപ്പെടുന്ന വിശ്വാസങ്ങൾ, മൂല്യങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധപ്പെടുന്ന ആളുകൾ ചേർന്നതാണ് സമൂഹം. അവരുടെ വ്യവഹാരരീതിയാണ് സംസ്കാരം.

പരസ്പരം പങ്കുവയ്ക്കപ്പെടുന്ന വ്യവഹാരരീതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെടുന്നതിനാൽ ഉറുമ്പുകളുടെയും തേനീച്ചകളുടെയും സംഘംചേരലിനെയും സമൂഹമെന്നു പറയാം. എന്നാൽ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, പ്രത്യുൽപ്പാദനം എന്നീ സഹജവാസനകളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് മൃഗങ്ങൾക്കിടയിലുള്ള സമൂഹം.

പ്രത്യുൽപ്പാദനത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യസമൂഹത്തിൽ പുതിയ അംഗങ്ങൾ ഉണ്ടാകുന്നത്. എന്നാൽ ചില അപൂർവസാഹചര്യങ്ങളിൽ ദത്തെടുക്കൽ, അടിമകളാക്കൽ, കുടിയേറ്റം, കീഴടക്കൽ എന്നിവയിലൂടെയും ആളുകളെ സമൂഹത്തിന്റെ ഭാഗമാക്കാറുണ്ട്.

എന്നാൽ, തൊഴിൽസംഘങ്ങളായ സഹകരണസംഘങ്ങൾ, തൊഴിലാളിസഹകരണസംഘങ്ങൾ തുടങ്ങിയവയിൽ പുതിയ ആളുകൾക്ക് അംഗത്വം നൽകുന്നത് അവരുടെ ജനനത്തിന്റെ അടിസ്ഥാനത്തിലല്ല. ചില പ്രത്യേക പ്രഖ്യാപിതലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു ചേരുന്ന വ്യക്തികളാണ് ഇത്തരം സംഘങ്ങളിലുള്ളത്.

മനുഷ്യസമൂഹത്തിന്റെ പ്രധാന സവിശേഷതകൾ താഴെ കൊടുത്ത രീതിയിൽ ചുരുക്കിപ്പറയാം.

മനുഷ്യസമൂഹത്തിന്:

- കൃത്യമായ അതിർത്തിയുണ്ട്.
- സംസ്കാരമുണ്ട്.
- സ്വതന്ത്രവും സ്ഥിരവും സംയോജിതവുമായ ഒരു ജന്തുവിഭാഗമാണ്.
- പ്രത്യുൽപ്പാദനത്തിലൂടെയാണ് പുതിയ ആളുകളെ ഉൾപ്പെടുത്തുന്നത്.
- സാമൂഹികബന്ധങ്ങളുടെ ഒരു ശൃംഖലയാണ് സമൂഹമെന്ന് മാക് ഐവറും പേജും പറയുന്നു.
- റാൽഫ് ലിന്റന്റെ അഭിപ്രായത്തിൽ സമൂഹം സംഘടിതരായ വ്യക്തികളുടെ കൂട്ടമാണ്. ഒരു പ്രത്യേക സമൂഹത്തിന്റെ ആർജിത പ്രതികരണങ്ങളുടെയും സ്വഭാവങ്ങളുടെയും സംഘടിതരൂപമാണ് അതിന്റെ സംസ്കാരം.
- എസ്.എഫ്. നാഡലിന്റെ അഭിപ്രായത്തിൽ ജനങ്ങളുടെ ജീവിതരീതിയാണ് ഒരു സമൂഹത്തിന്റെ സംസ്കാരം. എന്നാൽ ഒരു പ്രത്യേക ജീവിതരീതി പിന്തുടരുന്ന പരസ്പരബന്ധമുള്ള സംഘടിതരായ ആളുകളുടെ കൂട്ടമാണ് സമൂഹം.
- ചിട്ടയായ വ്യവഹാരരീതികളാണ് എല്ലാ സമൂഹങ്ങളെയും നയിക്കുന്നത്.

### സമൂഹവും സംസ്കാരവും (Society and Culture)

സമൂഹം, സംസ്കാരം എന്നീ പദങ്ങൾ പലപ്പോഴും പരസ്പരപൂരകങ്ങളായി ഉപയോഗിക്കാറുണ്ട്. ലളിതമായ ഭാഷയിൽ പറഞ്ഞാൽ, വ്യക്തികൾ ചേർന്ന് സമൂഹമുണ്ടാവുന്നു. ആ ജനങ്ങളുടെ വ്യവഹാരരീതിയാണ് സംസ്കാരം. സമൂഹമെന്നത് ഒരു സംസ്കാരമല്ല. പക്ഷേ, അതിന് ഒരു സംസ്കാരമുണ്ട്. സംസ്കാരമെന്നത് സമൂഹത്തിന്റെ ഉൽപ്പന്നമാണ് എന്നു പറയാം. മനുഷ്യർ പരസ്പരം പങ്കുവയ്ക്കുന്ന അറിവ്, അർഥങ്ങൾ എന്നിവ കൂടാതെ ഭൗതികതലങ്ങളും സംസ്കാരത്തിൽ ഉൾപ്പെടുന്നു. സമൂഹവും സംസ്കാരവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്. ബ്രിട്ടിഷ്പാരമ്പര്യത്തിലെ സാമൂഹനരവംശശാസ്ത്രവും അമേരിക്കൻപാരമ്പര്യത്തിലെ സാംസ്കാരികനരവംശശാസ്ത്രവും ഉടലെടുത്തത് സമൂഹം, സംസ്കാരം എന്നീ ആശയങ്ങൾക്ക് അവർ നൽകിയ പ്രാധാന്യത്തിലുള്ള വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് നിങ്ങൾ മുമ്പ് മനസ്സിലാക്കിയിട്ടുണ്ടല്ലോ.




*സമൂഹം, സംസ്കാരം എന്നീ ആശയങ്ങളെ വേർതിരിക്കുന്ന ഒരു ചാർട്ട് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

സമൂഹം, സമുദായം എന്നീ പദങ്ങൾ പലപ്പോഴും സമാനാർഥത്തിൽ ഉപയോഗിച്ചു വരാറുണ്ട്. ഉദാഹരണമായി, ഇന്ത്യൻ സമൂഹം/സമുദായം, ചൈനീസ് സമൂഹം/സമുദായം മുതലായവ. ഈ രണ്ടുവാക്കുകളും പരസ്പരം ബന്ധപ്പെട്ടതാണെങ്കിലും അവ സ്പഷ്ടമായ വ്യത്യാസങ്ങളുള്ള ആശയങ്ങളാണ് പ്രതിനിധാനം ചെയ്യുന്നത് . സമൂഹം എന്ന ആശയം വളരെ വിശാലമായതും സമുദായം എന്നത് നിയന്ത്രിതമായ മേഖലകൾ ഉൾക്കൊള്ളുന്നതുമാണ്. ഉദാഹരണമായി, അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഇന്ത്യൻസമൂഹം എന്ന് നമ്മൾ പറയാറുണ്ട്. എന്നാൽ ഇന്ത്യയിലെ മൊത്തം സമൂഹത്തെയാണ് യഥാർഥത്തിൽ ഇന്ത്യൻസമൂഹം എന്നു പറയുന്നത്.

### സമുദായം (Community)

ഒന്നിച്ചുള്ള ജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങൾ പങ്കുവയ്ക്കപ്പെടുന്ന ചെറുതോ വലുതോ ആയ ആളുകളുടെ കൂട്ടമാണ് സമുദായം എന്നാണ് മാക് ഐവർ, പേജ് എന്നിവർ അവകാശപ്പെടുന്നത്. ഓരോ സമുദായത്തിനും ഒരു പ്രത്യേകസംസ്കാരം തന്നെയുണ്ട്. സമുദായത്തിലുള്ള അംഗത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ വ്യക്തിയും തങ്ങളുടെ അസ്തിത്വം രൂപീകരിക്കുന്നത്. ജാതിയും ഗോത്രവും സമുദായത്തിനുദാഹരണങ്ങളാണ്. ഗോത്രവർഗങ്ങളെപ്പോലുള്ള ചില സമുദായങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകരിക്കുകയും പൊതുവായ പ്രകൃതി -സാമ്പത്തിക വിഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നു. ചിന്തയിലും പ്രവർത്തനങ്ങളിലും വൈകാരികമായ ഒരുമ പുലർത്തുന്നവരാണ് ഒരു പ്രത്യേക സമുദായമായി നിലനിൽക്കുന്നവർ.



*സമൂഹം, സമുദായം എന്നീ ആശയങ്ങളെ വേർതിരിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.*

ചില നിയമങ്ങളും വഴക്കങ്ങളും പാലിച്ചുകൊണ്ടാണ് നിങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പെരുമാറേണ്ടിവരുന്നത്. അതുപോലെ, സമൂഹത്തിലെ ഒരു വ്യക്തിയെന്ന നിലയിൽ സാമൂഹികമൂല്യങ്ങളും കീഴ്വഴക്കങ്ങളും നിങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. കുടുംബം, വിവാഹം, മതം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളിലൂടെയാണ് സമൂഹം ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ നടപ്പാക്കുന്നത്.

### സാമൂഹികസ്ഥാപനങ്ങൾ (Social Institutions)

വ്യക്തമായ, പൊതുരൂപമുള്ളചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്ന പല മേഖലകളും തലങ്ങളും ഒരു സംസ്കാരത്തിലുണ്ട്. അവയാണ് സാമൂഹികസ്ഥാപനങ്ങൾ എന്ന് അറിയപ്പെടുന്നത്. റാഡ്ക്ലിഫ് ബ്രൗണിന്റെ അഭിപ്രായത്തിൽ, സാമൂഹികാംഗീകാരമുള്ള വ്യവഹാരരീതികളാണ് സാമൂഹികസ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത്. സമൂഹത്തിലെ വഴക്കങ്ങളും മൂല്യങ്ങളുമാണ് ഇവയെ നിയന്ത്രിക്കുന്നത്.




കുടുംബം ഒരു സാമൂഹികസ്ഥാപനമാണ്. വ്യത്യസ്തമായ പെരുമാറ്റച്ചട്ടങ്ങളാണ് സമൂഹത്തിലെ വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നത്. ഈ നിയമങ്ങളിൽനിന്നു വ്യക്തികളെ വ്യതിചലിക്കാൻ അനുവദിക്കുന്നില്ല. സമൂഹത്തിൽ വ്യക്തികൾക്കുള്ള പദവിയും കടമകളും നിയന്ത്രിക്കുന്നതും സ്ഥാപനവൽക്കരിക്കപ്പെട്ട ഇത്തരം പെരുമാറ്റരീതികളാണ്. വിവാഹം, സാമ്പത്തിക സംഘാടനം, രാഷ്ട്രീയസംഘാടനം, ബന്ധുത്വം, മതം തുടങ്ങിയവയെല്ലാം സാമൂഹികസ്ഥാപനങ്ങളിൽപ്പെടുന്നു.

കുടുംബം, വിവാഹം, ബന്ധുത്വം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളെ സംസ്കാരത്തിന്റെ സാർവത്രികമായ ഘടകങ്ങൾ എന്ന നിലയിലാണ് നരവംശശാസ്ത്രജ്ഞർ മനസ്സിലാക്കുന്നത്. ഒരു സമൂഹത്തിന്റെ സംസ്കാരം മനസ്സിലാക്കുന്നതിന് അവിടെ നിലനിന്നിരുന്ന സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും അവ തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ചും പഠിക്കേണ്ടതുണ്ട്. പരസ്പരബന്ധിതവും പരസ്പരസംയോജിതവുമാണ് ഈ സാമൂഹികസ്ഥാപനങ്ങൾ.

ഇത്തരം സാമൂഹികസ്ഥാപനങ്ങളെക്കൂടാതെ വ്യത്യസ്ത തരത്തിലുള്ള കൂട്ടങ്ങളെയും ഒരു സമൂഹത്തിൽ കാണാൻ കഴിയും. അവയിലൊന്നാണ് സംഘടന.

### സംഘടന (Association)

- സംഘടനകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
- നിങ്ങൾ ഏതെങ്കിലും സംഘടനയിലെ അംഗമാണോ?

ഉദാ: കുട്ടികളുടെ സംഘടന, പൂർവവിദ്യാർഥി സംഘടന, പോലീസ് സംഘടന, അധ്യാപക സംഘടന തുടങ്ങിയവ.

മൈസൂറിലെ മലയാളിസമാജം ആവശ്യഘട്ടങ്ങളിൽ അവിടെയുള്ള മലയാളികളെ സഹായിക്കുന്നു. അവരുടെ തനത് സംസ്കാരം നിലനിർത്തുന്നതിനായി കേരളത്തിലെ ഉത്സവങ്ങൾ ആഘോഷിക്കാൻ അവർ മുൻകൈയെടുക്കുന്നു.

അറബ് രാജ്യങ്ങളിലുള്ള കല KALA (കേരള ആർട്ട് ലവേഴ്സ് അസോസിയേഷൻ) അവിടെയുള്ള മലയാളികളെ ഒന്നിപ്പിക്കാനും കേരളത്തിലെ കലയും സംസ്കാരവും ജനപ്രിയമാക്കാനും ശ്രമിക്കുന്നു.

സംഘടന എല്ലാംതന്നെ ചില പ്രത്യേക പ്രഖ്യാപിതലക്ഷ്യങ്ങൾക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളവയാണ്. പ്രത്യേക ലക്ഷ്യത്തിനോ ലക്ഷ്യങ്ങൾക്കോ രൂപീകരിക്കപ്പെട്ട ആളുകളുടെ കൂട്ടത്തെ നമുക്ക് സംഘടന എന്നു പറയാം. അവ പലപ്പോഴും ചെറുതും പ്രാദേശികവും ആയിരിക്കും. കുടുംബം, വിവാഹം തുടങ്ങിയ സാമൂഹികസ്ഥാപനങ്ങളിലൂടെ നിറവേറ്റാൻ പറ്റാത്ത ആവശ്യങ്ങൾ സംഘടനയിലൂടെയാണ് അംഗങ്ങൾ നിറവേറ്റുന്നത്. ഒരു സംഘടനയിലെ അംഗങ്ങൾക്ക് പെരുമാറ്റത്തിന് വ്യക്തമായ മാർഗനിർദേശങ്ങളുണ്ടാവും. താഴെ പറയുന്നവയാണ് സംഘടനയുടെ സവിശേഷതകൾ.

- പ്രത്യേക ലക്ഷ്യങ്ങൾക്കായി രൂപീകരിച്ചവയാണ് സംഘടനകൾ.
- അംഗത്വം നിർബന്ധമില്ല.
- ഇത് ഒരു താൽക്കാലികമായ കൂട്ടമാണ്. ലക്ഷ്യം നിറവേറ്റിയാൽ പിരിച്ചുവിടപ്പെടാം.
- ഇത് ഒരു പ്രത്യേക സ്ഥലത്തിനുള്ളിൽ നിയന്ത്രിക്കപ്പെടുന്നതല്ല.
- അംഗങ്ങൾക്കെല്ലാം പൊതുവായ പെരുമാറ്റച്ചട്ടമുണ്ടായിരിക്കും.
- ആധുനികകാലഘട്ടത്തിൽ വ്യക്തികളുടെയും സംഘങ്ങളുടെയും അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ഒരു അനുകൂലനമാർഗമാണ് സംഘടനകൾ.

*സമൂഹം, സമുദായം, സാമൂഹികസ്ഥാപനം, സംഘടന എന്നിവ വേർതിരിച്ചറിയുന്നതിനുള്ള ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കുക.*




**സംഘം (Group)**

സംഘടനകൾപോലെത്തന്നെ, പൊതുതാൽപ്പര്യമുള്ള ആളുകൾ ഒത്തുചേർന്ന് ചില സംഘങ്ങൾ രൂപീകരിക്കാറുണ്ട്. സംഘടനകൾ ഇത്തരം സംഘങ്ങളിൽനിന്നു വ്യത്യസ്തമാണ്.
നിങ്ങൾ അംഗങ്ങളായുള്ള സംഘങ്ങളുടെ പേരെഴുതുക.

- കളിക്കൂട്ടുകാർ (ക്രിക്കറ്റ്, ഫുട്ബോൾ, ടെന്നിസ്...)
- കുടുംബം
- 
- 
- 

എസ്. എഫ്. നാഡലിന്റെ അഭിപ്രായത്തിൽ, വ്യവസ്ഥിതവും താരതമ്യേന സ്ഥിരവുമായ ബന്ധങ്ങൾ നിലനിർത്തുന്ന ആളുകളുടെ കൂട്ടമാണ് സംഘം (1951).




ചില സംഘങ്ങൾ അംഗങ്ങൾ തമ്മിൽ മുഖാമുഖമുള്ള ബന്ധം പുലർത്തുന്നതായിരിക്കും. ഇങ്ങനെയുള്ള സംഘത്തെ പ്രാഥമികസംഘം (Primary group) എന്നു പറയുന്നു. കുടുംബം, പ്രാദേശികക്ലബ്ബ്, കളിക്കൂട്ടം, ഗോത്രവർഗവാസസ്ഥലം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

എന്നാൽ താരതമ്യേന ഉയർന്ന ഉദ്യോഗം, രാഷ്ട്രീയബന്ധങ്ങൾ, തൊഴിൽശാലകളിലെ ജോലി എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന സംഘമാണ് ദ്വിതീയസംഘം (Secondary Group). വ്യക്തിപരമല്ലാത്തതും ഔപചാരികവുമായ ബന്ധങ്ങളാണ് അവർ നിലനിർത്തുന്നത്. അതിലെ അംഗങ്ങളെല്ലാം പരസ്പരം വ്യക്തിപരമായി അറിയണമെന്നില്ല. പ്രത്യേക ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ സംഘങ്ങളിൽ അംഗമാകുന്നത്. തൊഴിൽ സംഘങ്ങൾ, രാഷ്ട്രീയസംഘങ്ങൾ, മതസംഘങ്ങൾ തുടങ്ങിയവ ദ്വിതീയസംഘങ്ങൾക്കുദാഹരണങ്ങളാണ്.

ബന്ധങ്ങളുടെ അടിസ്ഥാനത്തിലും നമുക്ക് സംഘങ്ങളെ തരംതിരിക്കാം. സംഘത്തിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം വിവാഹം, രക്തബന്ധം എന്നിവ വഴിയാണെങ്കിൽ അതിനെ ബന്ധുത്വ സംഘങ്ങൾ (Kin Groups) എന്നു പറയുന്നു. കുടുംബം, തറവാട്, കുലം എന്നിവ ബന്ധുത്വ സംഘങ്ങളാണ്.

പലതരത്തിലുള്ള സാമൂഹികകൂട്ടായ്മകളിൽ വച്ച് ഏറ്റവും സാർവത്രികവും സ്ഥിരവുമായ ഒരു സംഘമായിട്ടാണ് കുടുംബത്തെ എല്ലാവരും കണക്കാക്കുന്നത്. കുടുംബം, തറവാട്, ജാതി, മതം തുടങ്ങിയ സംഘങ്ങളിൽ അംഗമായിത്തീരുന്ന ഒരാൾക്ക് അതേസമയം മറ്റനേകം സംഘങ്ങളിലും അംഗമാകാവുന്നതാണ്.

ഈ പരസ്പരബന്ധമാണ് സമൂഹത്തെ നിലനിർത്തുന്നത്. സമൂഹത്തിന്റെ പ്രവർത്തനമെന്നത് അതിലെ സാമൂഹികസ്ഥാപനങ്ങളുടെയും സംഘടനകളുടെയും സംഘങ്ങളുടെയും പ്രവർത്തനങ്ങൾകൂടിയാണ്.

*മുകളിൽക്കൊടുത്ത ചാർട്ട് വിശകലനം ചെയ്ത് നിങ്ങളുടെ അനുമാനങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.*



## പഠനപുരോഗതി വിലയിരുത്താം

1. സാമൂഹികസ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ തമ്മിലുള്ള വ്യത്യാസമെഴുതുക.
2. താഴെ കൊടുത്ത പട്ടിക സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ പൂരിപ്പിക്കുക.

| സമൂഹം | സംസ്കാരം |
|---|---|
| ........................................ | ........................................ |
| ........................................ | ........................................ |

## V. പദവിയും കടമയും (Status and Role)

ഒരു സംഘടനയിലെയോ സംഘത്തിലെയോ സ്ഥാപനത്തിലെയോ അംഗമായിരിക്കുന്ന ഒരു വ്യക്തിക്ക് ആ സംഘത്തിൽ ഒരു സ്ഥാനമുണ്ടായിരിക്കും. അയാളുടെ സ്ഥാനത്തിനനുസരിച്ച് ചില കടമകൾ നിറവേറ്റേണ്ടതായിട്ടുണ്ട്. സാമൂഹികബന്ധങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് വ്യക്തികൾക്ക് പല സംഘങ്ങളിലും കൽപ്പിച്ചിരിക്കുന്ന പദവി, കടമ എന്നിവ വിലയിരുത്തേണ്ടതുണ്ട്.

നിങ്ങൾക്ക് നിങ്ങളുടെ വീടുകളിൽ നിർവഹിക്കാനുള്ള കടമകൾ എന്തൊക്കെയാണ്? എന്നാൽ നിങ്ങൾ വിദ്യാലയത്തിലെത്തുമ്പോൾ അവിടത്തെ സാഹചര്യങ്ങൾക്കനുസരിച്ച് നിങ്ങളുടെ പദവിയും മാറുന്നില്ലേ? സാഹചര്യങ്ങളും സ്ഥാനങ്ങളും മാറുന്നതിനനുസരിച്ച് നിങ്ങളുടെ കടമകളിലും അവകാശങ്ങളിലും മാറ്റം സംഭവിക്കുന്നുണ്ടെന്നല്ലേ ഇത് വ്യക്തമാക്കുന്നത്?


സമൂഹത്തിൽ ഒരു വ്യക്തിക്കുള്ള സ്ഥാനമാണ് അയാളുടെ പദവി. പദവിക്കനുസരിച്ച് ഒരു വ്യക്തി നിർവഹിക്കേണ്ട കടമകളാണ് പങ്ക്. ഒരു വ്യക്തിയുടെ പദവിയാണ് അയാൾ നിർവഹിക്കേണ്ട കടമകൾ നിർണയിക്കുന്നുണ്ട്. വീട്ടിൽ ഒരാൾ അച്ഛനോ അമ്മയോ മകനോ മകളോ സഹോദരനോ ഭർത്താവോ ആകാം. വീടിനുപുറത്ത് അയാൾ ഒരു ജോലിക്കാരനോ ഓഫീസറോ കൂലിപ്പണിക്കാരനോ ആകാം. ഇത്തരത്തിലുള്ള ഓരോ പദവിക്കും വ്യക്തമായി നിർവചിക്കപ്പെട്ട അവകാശങ്ങളും ചുമതലകളുമുണ്ട്.

പദവികൾ പലതരത്തിലുള്ള ശ്രേണികൾ സൃഷ്ടിക്കുന്നുണ്ട്. അതായത്, മറ്റുള്ളവരെയപേക്ഷിച്ച് ഒരു വ്യക്തിക്ക് പ്രത്യേക മഹിമയുണ്ട് എന്ന അർഥംകൂടി ഈ ശ്രേണി വ്യക്തമാക്കുന്നു. ഉദാഹരണമായി, ഒരു ഗ്രൂപ്പിൽ ആ ഗ്രൂപ്പിന്റെ നേതാവിന്റെ സ്ഥാനം മറ്റുള്ളവരെയപേക്ഷിച്ച് ഉയർന്ന തലത്തിലായിരിക്കും. അതുപോലെ, വിദ്യാലയങ്ങളിൽ പ്രിൻസിപ്പലിന്റെയും കുട്ടികളുടെയും പദവിയിലും മാറ്റമുണ്ട്.

പദവിയില്ലാത്ത പങ്കോ പങ്ക് ഒന്നുമില്ലാത്ത പദവിയോ ഇല്ല. ഓരോ പദവിക്കും വ്യക്തമായി നിർവചിക്കപ്പെട്ട പങ്കുണ്ട്. ഒരാളുടെ സാമൂഹികപദവിയിൽനിന്നു പ്രതീക്ഷിക്കുന്ന അയാളുടെ കടമകളാണ് പങ്ക് അഥവാ റോൾ.

### ജന്മസിദ്ധപദവിയും ആർജിതപദവിയും (Ascribed status and Achieved status)

രണ്ടുതരത്തിലുള്ള പദവികളാണ് പൊതുവെയുള്ളത്. ഒന്ന്, ഒരു വ്യക്തി ജനിക്കുമ്പോൾതന്നെ ലഭ്യമാകുന്നതും മറ്റൊന്ന് സ്വപ്രയത്നം കൊണ്ട് അയാൾ നേടിയെടുക്കേണ്ടതും. ജനനത്തിലൂടെത്തന്നെ വ്യക്തിക്കു ലഭിക്കുന്ന പദവിയാണ് ജന്മസിദ്ധപദവി. ഉദാ. പ്രായം, ജാതി, മതം, ലിംഗം, വംശം, ബന്ധുത്വം തുടങ്ങിയവ. എന്നാൽ വ്യക്തിപരമായ കഴിവ്, നേട്ടങ്ങൾ, തിരഞ്ഞെടുപ്പ് എന്നിവയിലൂടെ ഒരു വ്യക്തി നേടിയെടുക്കുന്ന സ്ഥാനത്തെയാണ് ആർജിതപദവി എന്നു പറയുന്നത്. ഉദാ. ഡോക്ടർ, വിദ്യാർഥി, കർഷകൻ....



*ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ സ്ത്രീകൾക്ക് താരതമ്യേന ഉയർന്ന സാമൂഹികപദവിയാണുള്ളത്. അതിനു പല കാരണങ്ങളുമുണ്ട്. സ്ത്രീകളുടെ പദവിയിലുള്ള മാറ്റം അവരുടെ കടമകളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് ഒരു ചർച്ചക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കുക.*



## പഠനപുരോഗതി വിലയിരുത്താം

1. വിദ്യാലയത്തിന്റെ തലവനും കുടുംബനാഥനും ആർട്സ് ക്ലബ്ബിന്റെ ചുമതലസ്ഥാനം വഹിക്കുന്നയാളുമായ നിങ്ങളുടെ അധ്യാപകന്റെ പദവികളും പങ്കും കാണിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.
2. രണ്ടുതരത്തിലുള്ള പദവികൾ കാണിക്കുന്ന ചാർട്ട് ഉദാഹരണസഹിതം തയാറാക്കുക.



" സാമൂഹികഘടനയുടെ ഘടകങ്ങൾ മനുഷ്യരാണ്. ഘടന പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തികളുടെ ക്രമീകരണമെന്ന നിലയിൽ സ്ഥാപനവൽകൃത രീതിയിൽ നിർവ്വചിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു."

റാഡ്ക്ലിഫ് ബ്രൗൺ (1952): 'സ്ട്രക്ചർ ആന്റ്

## VI. സാമൂഹികഘടനയും സാമൂഹികസംഘാടനവും

## (Social Structure and Social Organization)

പരസ്പരബന്ധിതമായി പല ഘടകങ്ങൾ കൂടിച്ചേർന്നിരിക്കുന്ന ക്രമത്തെയാണ് ഘടന എന്നു പറയുന്നത്. ഒരു മോട്ടോർവാഹനത്തിന്റെ ഘടന അതിന്റെ ഭാഗങ്ങളുടെ ക്രമീകരണമാണ്. നമ്മുടെ ശരീരഘടന ശരീരത്തിലെ എല്ലാ അവയവങ്ങളുടെയും സംയുക്തക്രമീകരണമാണ്. ശരീരത്തിൽ അവയവങ്ങൾ പോലെയും ഒരു യന്ത്രത്തിൽ അതിന്റെ വിവിധ ഭാഗങ്ങൾ പോലെയുമാണ് സമൂഹത്തിൽ സാമൂഹികസ്ഥാപനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സമൂഹത്തിന്റെ അടിസ്ഥാനം അതിലെ വ്യക്തികളാണ്.അവരെ പല സാമൂഹികസ്ഥാപനങ്ങളിലുമായി ക്രമീകരിച്ചിരിക്കുന്നു. ഇങ്ങനെ സാമൂഹികസ്ഥാപനങ്ങളെ പരസ്പരം ബന്ധപ്പെടുന്ന വിധത്തിൽ ഒരു സമൂഹത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

മോട്ടോർവാഹനത്തിന്റെ വിവിധ ഭാഗങ്ങളുടെ പ്രവർത്തനക്രമീകരണമാണ് അതിന്റെ സംഘാടനം. അതുപോലെ സാമൂഹികസംഘാടനമെന്നത് സമൂഹത്തിലെ വ്യക്തികളുടെയും സാമൂഹിക സ്ഥാപനങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും ക്രമീകരണമാണ്. സമൂഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് സാമൂഹികഘടനയെക്കുറിച്ചും സാമൂഹികസംഘാടനത്തെക്കുറിച്ചുമുള്ള അറിവുകൾ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

### സാമൂഹികഘടന (Social Structure)

ഘടനയെന്നാൽ വിവിധ ഭാഗങ്ങളെ അനുക്രമമായി ഘടിപ്പിച്ചിരിക്കുന്നു എന്നാണർഥം. ജനൽ, വാതിൽ, ചുമർ, ബ്ലാക്ക് ബോർഡ്, ബെഞ്ച്, മേശ തുടങ്ങിയ ഭാഗങ്ങൾ യഥാക്രമം ക്രമീകരിക്കുന്നതാണ് ഒരു ക്ലാസ്റൂമിന്റെ ഘടന. വ്യക്തികളാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. അവരെ ഒന്ന് മറ്റൊന്നിനോടു ബന്ധപ്പെടുന്ന രീതിയിൽ വ്യത്യസ്ത സാമൂഹികസ്ഥാപനങ്ങളിലും

സംഘങ്ങളിലുമായി ക്രമീകരിച്ചിരിക്കുന്നു. കുടുംബം, വിവാഹം, സാമ്പത്തികസംഘാടനം, രാഷ്ട്രീയസംഘാടനം തുടങ്ങിയവയാണ് സമൂഹത്തിന്റെ അടിസ്ഥാന സാമൂഹികസ്ഥാപനങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ, വ്യക്തികളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് വ്യത്യസ്ത സാമൂഹികസ്ഥാപനങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന പ്രക്രിയയെ സാമൂഹികഘടന എന്നു പറയാം. സമൂഹത്തിന്റെ സമഗ്രമായ പ്രവർത്തനങ്ങൾക്ക് ഈ ക്രമീകരണം സഹായകമാകുന്നുണ്ട്.

### സാമൂഹികസംഘാടനം (Social organization)

എങ്ങനെയാണ് ഒരു ക്ലാസ് റൂം പ്രവർത്തിക്കുന്നത്? അധ്യാപകരുടെയും കുട്ടികളുടെയും പ്രവർത്തനങ്ങൾ എങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്? ഒരു വിദ്യാഭ്യാസസ്ഥാപനത്തിലെ പാഠ്യപദ്ധതി, സമയക്രമം എന്നിവയുടെയും വിദ്യാർഥികൾ, അധ്യാപകർ, പ്രിൻസിപ്പൽ തുടങ്ങിയവരുടെയും പ്രവർത്തനങ്ങളുടെ മൊത്തമായ സംഘാടനത്തിലൂടെയാണ് ഒരു ക്ലാസ്റൂം പ്രവർത്തിക്കുന്നതെന്ന് നമുക്കു കാണാം.

സമൂഹത്തിലെ വ്യക്തികളെ പല സാമൂഹികസ്ഥാപനങ്ങളിലായി ക്രമീകരിക്കുന്നതാണ് സാമൂഹികഘടന. എന്നാൽ, ഈ സാമൂഹികസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ ക്രമീകരണമാണ് സാമൂഹികസംഘാടനം.

"സാമൂഹികഘടനയുടെ ഘടകങ്ങൾ മനുഷ്യരാണ്. വ്യക്തമായി നിർവചിക്കപ്പെട്ടതും നിയന്ത്രിതവുമായ സാമൂഹികസ്ഥാപനങ്ങളുടെ ക്രമീകരണമാണ് സാമൂഹികഘടന" - റാഡ്ക്ലിഫ് ബ്രൗൺ (1952) 'പ്രാചീന സമൂഹങ്ങളുടെ ഘടനയും ധർമവും'

*താഴെക്കൊടുത്തിരിക്കുന്നവയുടെ ഘടനയും സംഘാടനവും കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.*

*എ) കുടുംബം ബി) വ്യവസായസ്ഥാപനം സി. ഒരു രാഷ്ട്രീയസംഘടന*



## VII. വംശവിവരണശാസ്ത്രവും വംശതാരതമ്യശാസ്ത്രവും

## (Ethnoghaphy and Ethnology)

സമൂഹം, സംസ്കാരം എന്നീ ആശയങ്ങളെക്കുറിച്ചും അവയുമായി ബന്ധപ്പെട്ട പദവി, പങ്ക്, സമുദായം, സംഘം തുടങ്ങിയ വ്യത്യസ്ത ഘടകങ്ങളെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കിയല്ലോ. സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രത്തിന്റെ അടിസ്ഥാനാശയങ്ങളാണ് സമൂഹവും സംസ്കാരവും. ഇവയെക്കുറിച്ച് സമഗ്രമായി മനസ്സിലാക്കുന്നതിന് നരവംശശാസ്ത്രജ്ഞർ പ്രധാനമായും ചെറുസമൂഹങ്ങളെയാണ് തിരഞ്ഞെടുക്കാറുള്ളത്. ചെറുസമൂഹങ്ങളെക്കുറിച്ച് പഠിച്ച് മറ്റു സമൂഹങ്ങളുമായി അവയെ താരതമ്യം ചെയ്ത് സമാനതകളും വ്യത്യാസങ്ങളും കണ്ടെത്തുകയാണ് ഈ പഠനരീതിയിൽ ചെയ്യുന്നത്. ആദ്യകാലഘട്ടങ്ങളിലുണ്ടായ നരവംശശാസ്ത്രപഠനങ്ങളെല്ലാംതന്നെ വംശീയവിവരണങ്ങളോ വംശീയ താരതമ്യപഠനങ്ങളോ ആണ്.

### വംശവിവരണപഠനം (Ethnography)

ഒരു പ്രത്യേക കാലഘട്ടത്തിലെ ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തിന്റെ സമഗ്രമായ പഠനമാണ് വംശീയവിവരണം (എത്നോഗ്രാഫി). മനുഷ്യരുമായി നേരിട്ടുള്ള ഇടപഴകലിലൂടെയാണ് വംശീയപഠനവിദഗ്ധർ വിവരങ്ങൾ ശേഖരിക്കുന്നത്. ആവാസവ്യവസ്ഥകളുടെ



***സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രജ്ഞർ എന്തുകൊണ്ടാണ് സാക്ഷരപൂർവസംസ്കാരങ്ങളുടെ പഠനങ്ങളിൽ പ്രത്യേക ശ്രദ്ധ കാണിക്കുന്നത്?***

*ആദ്യകാലനരവംശശാസ്ത്രജ്ഞർ പ്രാക്തന സാക്ഷരപൂർവസമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്. ചെറുസമൂഹങ്ങളുടെ പഠനത്തിലൂടെ ആധുനികസമൂഹങ്ങളുടെ വികാസത്തിന്റെ പല ഘട്ടങ്ങളും മനസ്സിലാക്കാൻ ഇത് സഹായിച്ചിട്ടുണ്ട്. സാക്ഷരപൂർവസമൂഹങ്ങൾ നിരക്ഷരസമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. നിരക്ഷരസമൂഹമെന്നാൽ സമകാലികരും എന്നാൽ അക്ഷരാഭ്യാസം ലഭിച്ചിട്ടില്ലാത്തവരുമാണ്. സാക്ഷരപൂർവസമൂഹമെന്നാൽ ചരിത്രാതീതകാലഘട്ടത്തിൽ ജീവിച്ചിരുന്നവരോ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ഒഴിവായി നിൽക്കുന്നവരോ ആണ്. 'പ്രാകൃതരെന്ന്' വിളിക്കപ്പെടുന്ന സാക്ഷരപൂർവസമൂഹങ്ങൾ സാങ്കേതികവിദ്യയിലും ഭൗതികസംസ്കാരത്തിലും സമകാലികസംസ്കാരങ്ങളെയപേക്ഷിച്ച്, വളരെ ലഘുവും ലളിതവുമാണ്. പുറംലോകവുമായി ബന്ധമില്ലാതെ, തികച്ചും ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ജീവിക്കുന്ന ഒരേ വംശത്തിൽപ്പെട്ട വളരെക്കുറച്ച് ജനസംഖ്യ മാത്രമുള്ള കൂട്ടങ്ങളാണ് ചെറുസമൂഹങ്ങൾ. എന്നാൽ, ഇന്ന് നരവംശശാസ്ത്രജ്ഞർ ലളിതവും സങ്കീർണവും, ഗ്രാമീണവും നാഗരികവും, സാക്ഷരപൂർവവും സാക്ഷരരും എന്ന ഭേദങ്ങൾ കണക്കിലെടുക്കാതെ, എല്ലാ സമൂഹങ്ങളിലും പഠനങ്ങളിലേർപ്പെടുന്നുണ്ട്.*


ക്രമീകരണം, വസ്ത്രധാരണം, ഭക്ഷണശീലങ്ങൾ, സാമ്പത്തികയിടപെടലുകൾ, രാഷ്ട്രീയസംഘാടനം, കുടുംബം, വിവാഹം, ബന്ധുത്വം, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയൊക്കെ വിശദമായി ഒരു വംശീയവിവരണപഠനത്തിൽ വിവരിക്കുന്നു. ആദ്യകാലഘട്ടങ്ങളിൽ സമൂഹനരവംശശാസ്ത്രത്തിന്റെ പ്രധാന ശ്രദ്ധ വംശീയവിവരണപഠനങ്ങളിലായിരുന്നു.




ചെറുസമൂഹങ്ങളിലുള്ള പഠനങ്ങൾക്കാണ് വംശീയവിവരണപഠനങ്ങളിൽ പ്രാധാന്യം നൽകിയിരുന്നത്. അതിനായി ഗുണപരമായതും ഗണപരമായതുമായ രണ്ടു തരത്തിലുള്ള വിവരങ്ങൾ ആവശ്യമാണ്. ജനസംഖ്യ, സ്ത്രീപുരുഷാനുപാതം, വീടിന്റെ വലുപ്പം, എണ്ണം, വീട്ടുപകരണങ്ങൾ, ഉൽപ്പാദിപ്പിച്ച വിളകളുടെ അളവ്, വരുമാനം തുടങ്ങിയ വിവരങ്ങൾ ഗണപരമായ വിവരങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ഗുണപരമായ വിവരങ്ങളിൽ പെടുന്നത് വിശ്വാസങ്ങൾ, വൈകാരികാനുഭവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ജീവിതചക്രവുമായി ബന്ധപ്പെട്ട ആചാരങ്ങൾ തുടങ്ങിയവയാണ്. ഫീൽഡ്‌വർക്കിലൂടെയാണ് വംശീയവിവരണപഠനത്തിനു വേണ്ട വിവരങ്ങൾ ശേഖരിക്കുന്നത്. പഠനത്തിനു തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ കൂടെ ജീവിച്ച് അവരിൽനിന്നു സംസ്കാരവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സമഗ്രമായി നേരിട്ടു ശേഖരിക്കുന്നതാണ് വംശീയവിവരണപഠനങ്ങളുടെ രീതി. സംസ്കാരത്തിന്റെ എല്ലാ ഘടകങ്ങളെയും പരസ്പരബന്ധിതമായി സമന്വയിപ്പിച്ചാണ് ഈ പഠനം നടത്തുന്നത്.

### വംശീയവിവരണപഠനങ്ങളുടെ ലഘുചരിത്രം
### (Breif History of Ethonographic studies)

വംശീയവിവരണപഠനങ്ങളുടെ തുടക്കം ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഹെറോഡോട്ടസിന്റെ



ചിത്രം 2.5 മലിനോവ്സ്കി ട്രോബ്രിയാന്റ് സമൂഹത്തിലെ ഫീൽഡ് വർക്കിനിടയിൽ

കാലത്തുതന്നെ തുടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. ഹെറോഡോട്ടസ് വംശീയവിവരണപഠനങ്ങളുടെ പിതാവായി അറിയപ്പെടുന്നു. അദ്ദേഹം പല സ്ഥലങ്ങളിലും യാത്രചെയ്ത് വ്യത്യസ്തമായ അമ്പതോളം വംശങ്ങളുടെ സംസ്കാരത്തിന്റെ വിവരണം തയാറാക്കിയിട്ടുണ്ടെന്ന് അനുമാനിക്കുന്നു.

പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ ലോകസഞ്ചാരികളായിരുന്ന മാർക്കോ പോളോ, കൊളംബസ്, വാസ്കോഡിഗാമ തുടങ്ങിയവർ യൂറോപ്പിനു പുറത്തുള്ള വിദൂരസ്ഥലങ്ങളിൽ അധിവസിക്കുന്ന ആകർഷണീയവും വിചിത്രവുമായ സംസ്കാരങ്ങളിലെ ജനപഥങ്ങളെക്കുറിച്ച് യാത്രാവിവരണങ്ങൾ നൽകിയിട്ടുണ്ട്. ക്രിസ്തുമതപ്രചാരകർ, മതപരിവർത്തനം എന്ന അവരുടെ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സംസ്കാരങ്ങളെക്കുറിച്ചു പഠനങ്ങൾ നടത്തിയിട്ടുണ്ട്.

എന്നാൽ, ഇന്നുകാണുന്ന വിധത്തിലുള്ള ശാസ്ത്രീയവംശീയവിവരണപഠനങ്ങൾക്ക് തുടക്കമിട്ടത് 19-ാം നൂറ്റാണ്ടിലാണ്. സംസ്കാരങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഫീൽഡ്‌വർക്ക് എന്ന ആശയം തുടങ്ങിവച്ചത് ഇ.ബി. ടെയ്‌ലർ ആണ്. പ്രാഥമികവിവരങ്ങൾ ശേഖരിക്കുന്നതിന് അദ്ദേഹം ഒരു വർഷത്തോളം അമേരിക്കയിലും ആറുമാസത്തോളം മെക്സിക്കൻ സമൂഹങ്ങളിലും ജീവിച്ചു. വേണ്ടത്ര പരിശീലനം സിദ്ധിച്ച ഫീൽഡ്‌വർക്കർ അല്ലെങ്കിലും അദ്ദേഹം തന്റെ വിദ്യാർഥികൾ ശേഖരിച്ച വിവരങ്ങളിൽ കൃത്യത ഉറപ്പുവരുത്തുന്നതിനായി, സൂക്ഷ്മപരിശോധനകൾ നടത്തിയിരുന്നു. അമേരിക്കയിലെ ഇറാക്വേസ് ഗോത്രവിഭാഗത്തെക്കുറിച്ച് ഫീൽഡ്‌വർക്കിലൂടെ ശേഖരിച്ച വിവരങ്ങളാണ് എൽ.എച്ച്. മോർഗൻ എന്ന നരവംശശാസ്ത്രജ്ഞന് 'ലീഗ് ഓഫ് ഇറാക്വേസ്' (1951) എന്ന പുസ്തകം എഴുതാൻ സഹായകമായത്. അദ്ദേഹം ഇറാക്വേസ് ഇന്ത്യൻ ജനങ്ങളുമായി അഭിമുഖം നടത്തി വിശ്വാസങ്ങൾ, ആചാരങ്ങൾ, പാരമ്പര്യം, ഭാഷ, ഭൗതിക സംസ്കാരം, കുടുംബം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു. ഇറാക്വേസിന്റെ ഗോത്രഭാഷ വശമില്ലാത്തതിനാൽ എലി പാർക്കർ എന്ന ഒരു പരിഭാഷകന്റെ സഹായത്തോടെയാണ് അദ്ദേഹം ഈ പഠനങ്ങൾ നടത്തിയത്.

അതേസമയം, കോളനികളെ 'നാഗരികരാക്കിക്കൊണ്ട് ഭരിക്കുക' (Civilize and rule) എന്ന തത്ത്വത്തിന്റെ ഭാഗമായി യൂറോപ്യൻ ഭരണകർത്താക്കൾ അവരുടെ കോളനികളിലെ ജനങ്ങളെക്കുറിച്ചു പഠിക്കാൻ ശ്രമിച്ചു. ഈ പശ്ചാത്തലത്തിൽ എഡ്ഗാർ തേഴ്സ്റ്റന്റെ 'കാസ്റ്റ്സ് ആന്റ് ട്രൈബ്സ് ഓഫ് സൗത്ത് ഇന്ത്യ' (Castes and Tribes of South India) എന്ന ഗ്രന്ഥം പ്രത്യേകം പരാമർശിക്കേണ്ടതാണ്. ഒരു ബ്രിട്ടിഷ് സമൂഹനരവംശശാസ്ത്രജ്ഞനായ ഡബ്ല്യൂ. എച്ച്. ആർ റിവേഴ്സ് തമിഴ്നാട്ടിലെ നീലഗിരിക്കുന്നുകളിൽ അധിവസിക്കുന്ന'തോട' ഗോത്രവിഭാഗങ്ങളെക്കുറിച്ച് പഠനം നടത്തുകയും 'ദി തോട' എന്ന പേരിൽ 1906 ൽ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു.

റിവേർസിന്റെ വിദ്യാർഥിയായിരുന്ന റാഡ്ക്ലിഫ് ബ്രൗൺ 1906 മുതൽ 1908 വരെ ആന്തമാൻ - നിക്കോബാർ ദ്വീപുകളിലെ ഗോത്രവർഗങ്ങളെക്കുറിച്ച് പഠനം നടത്തി. 'ദി ആന്തമാൻ ഐലന്റേഴ്സ്' എന്ന പേരിൽ ഒരു പുസ്തകം 1922 ൽ പ്രസിദ്ധീകരിച്ചു. എസ്.സി. റോയിയുടെ 'മുണ്ട ആന്റ് ദേർ കൺട്രി' (Munda and their Country) എന്ന വംശീയവിവരണപഠനം 1912 ൽ ആണ് പ്രസിദ്ധീകരിച്ചത്. ഇന്ത്യയിലെ ഒരു ഗോത്രവർഗത്തെക്കുറിച്ച് ഇന്ത്യക്കാരനായ ഒരു നരവംശശാസ്ത്രജ്ഞൻ എഴുതിയ ആദ്യത്തെ പുസ്തകമാണിത്. എസ്.സി. റോയിയെ ഇന്ത്യൻ വംശീയ വിവരണപഠനത്തിന്റെ പിതാവായി കണക്കാക്കുന്നു.

എന്നാൽ, വംശീയവിവരണപഠനസമീപനങ്ങളിൽ കാതലായ മാറ്റം കൊണ്ടുവന്നത് ബ്രോണിസ്ലോ കാസ്പർ മലിനോവ്സ്കിയാണ്. അദ്ദേഹം ട്രോബ്രിയാന്റ് ദ്വീപിലെ ചെറുസമൂഹങ്ങൾക്കിടയിൽ മൂന്നു വർഷത്തോളം (1914-18) തുടർച്ചയായ ഫീൽഡ്വർക്കിലേർപ്പെട്ടു. പൂർണപങ്കാളിത്ത നിരീക്ഷണത്തിലൂടെ പ്രാദേശികഭാഷ ഉപയോഗിച്ചുകൊണ്ട് അദ്ദേഹം ഫീൽഡ്വർക്ക് പൂർത്തിയാക്കി. നരവംശശാസ്ത്രസമീപനങ്ങളിലെ ഒരു പ്രധാന വഴിത്തിരിവായി ഇതു മാറി. അതുകൊണ്ട് തന്നെ ബി.കെ. മലിനോവ്സ്കിയെ ഫീൽഡ്വർക്ക് പാരമ്പര്യത്തിന്റെ പിതാവായി കണക്കാക്കുന്നു. 'ദി അർഗോനോട്സ് ഓഫ് വെസ്റ്റേൺ പെസഫിക്' എന്ന പേരിൽ 1922-ലാണ് ട്രോബ്രിയാന്റ് ദ്വീപിലെ ചെറുസമൂഹങ്ങളെക്കുറിച്ചുള്ള മലിനോവ്സ്കിയുടെ പുസ്തകം പ്രസിദ്ധീകരിച്ചത്. വംശീയപഠനങ്ങൾക്ക് ഇത് ഒരു പുതിയ വഴിത്തിരിവായി. അതിനുശേഷം ലോകത്തിന്റെ പല ഭാഗങ്ങളിലും മലിനോവ്സ്കിയുടെ രീതി പിന്തുടർന്നുകൊണ്ട് ധാരാളം വംശീയ വിവരണപഠനങ്ങൾ പുറത്തുവന്നു.

പലകാരണങ്ങളാൽ നിലനിൽപ്പിനു ഭീഷണി നേരിടുന്ന ചെറുസംസ്കാരങ്ങളെ രേഖപ്പെടുത്തി സൂക്ഷിക്കാൻ ആദ്യകാല നരവംശശാസ്ത്രജ്ഞർ നടത്തിയ പ്രവർത്തനങ്ങൾ സാൽവേജ് എത്നോഗ്രാഫി അല്ലെങ്കിൽ അർജന്റ് എത്നോഗ്രാഫി എന്നറിയപ്പെടുന്നു.

കേരളത്തിലും പല പണ്ഡിതരും വ്യത്യസ്ത ജാതികളെക്കുറിച്ചും ഗോത്രവർഗങ്ങളെക്കുറിച്ചും വംശീയവിവരണപഠനങ്ങൾ നടത്തിയിട്ടുണ്ട്. 1911 ൽ പ്രസിദ്ധീകരിച്ച എൽ.കെ. അനന്തകൃഷ്ണ അയ്യരുടെ 'കാസ്റ്റ്സ് ആന്റ് ട്രൈബ്സ് ഓഫ് കൊച്ചിൻ' എന്ന പുസ്തകം ഇത്തരത്തിലുള്ള ആദ്യകാലപഠനങ്ങളിലൊന്നാണ്. അദ്ദേഹം 1920 ൽ കൽക്കത്ത സർവകലാശാലയിൽ നരവംശശാസ്ത്രപഠനവകുപ്പിന്റെ തലവനായി. ഇന്ത്യൻ വംശവിജ്ഞാന താരതമ്യശാസ്ത്രത്തിന്റെ (Ethnology) പിതാവായി അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ മകനായ എൽ.എ.കൃഷ്ണ അയ്യർ തിരുവിതാംകൂറിലെ ജാതികളും ഗോത്രവർഗങ്ങളും (Travancore Tribes and castes) എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ പൗത്രനായ ബാലരത്നവും നരവംശശാസ്ത്രഗവേഷണങ്ങൾ തുടർന്നു.

രാജലക്ഷ്മി മിശ്രയുടെ 'മുള്ളുക്കുറുമ്പാസ് ഓഫ് കപ്പാലാ', എ. അയ്യപ്പന്റെ 'ഇരവാസ് ആന്റ് കൾച്ചർ ചെയ്ഞ്ച്'പി.ആർ.ജി. മാത്തൂരിന്റെ 'മാപ്പിള ഫിഷർ ഫോക്ക് ഓഫ് കേരള'ആനന്ദബാനുവിന്റെ 'ചോലനായ്ക്കൻ: ദി കേവ്മെൻ ഓഫ് കേരള' എന്നിവ കേരളത്തിലെ പ്രധാനപ്പെട്ട വംശീയവിവരണപഠനങ്ങളിൽ ഉൾപ്പെടുന്നു.

## പഠനപുരോഗതി വിലയിരുത്താം

1. വിട്ട ഭാഗം ഉചിതമായി പൂരിപ്പിക്കുക.

| നരവംശശാസ്ത്രജ്ഞരുടെ പേര് | പഠനം നടത്തിയ സമുദായം | പ്രസിദ്ധീകരിച്ച പുസ്തകം |
|---|---|---|
| ഡബ്ല്യു. എച്ച്.ആർ. റിവേഴ്സ് | ...... | ദി തോട |
| റാഡ്ക്ലിഫ് ബ്രൗൺ | ട്രൈബ്സ് ഓഫ് ആന്തമാൻ ഐലന്റ് | ......... |
| ......... | ട്രോബ്രിയാന്റ് ഐലന്റേഴ്സ് | ......... |
| എസ്.സി. റോയ് | ........ | മുണ്ട ആന്റ് ദേർ കൺട്രി |
| എ. അയ്യപ്പൻ | ........ | ഇരവാസ് ആന്റ് കൾച്ചർ ചെയ്ഞ്ച് |

*ഏതെങ്കിലുമൊരു ജാതി/സമുദായത്തെക്കുറിച്ച് വംശീയവിവരണ പഠനം തയാറാക്കുക. അനുബന്ധത്തിൽ കൊടുത്ത സംസ്കാരത്തെക്കുറിച്ചുള്ള വിവരണവും താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളും ഉപയോഗപ്പെടുത്താം.*



### ഒരു സമുദായത്തിന്റെ വംശീയവിവരണ പഠനരൂപരേഖ

I. പഠനം നടത്തുന്ന സമുദായവും അതിന്റെ സ്ഥലവും
   1) സമുദായത്തിന്റെ പേര്, സമാന പേരുകൾ, പദത്തിന്റെ അർഥം
   2) ഇപ്പോൾ അധിവസിക്കുന്ന സ്ഥലങ്ങൾ
   3) മാതൃഭാഷ
   4) സംസാരിക്കാനറിയാവുന്ന മറ്റു ഭാഷകൾ

II. സമുദായത്തിലേക്കുള്ള പ്രവേശനം
   1) പ്രാദേശിക ഭരണകൂടങ്ങളിൽനിന്നുള്ള അനുമതി
   2) സമുദായത്തിലെ മുതിർന്ന ആളുകളുടെ സഹകരണം
   3) പ്രധാന വ്യക്തികൾ : അടിസ്ഥാന വിവരദാതാക്കൾ

III. എത്നോഗ്രാഫിക് വിശദാംശങ്ങൾ
   1) ഭക്ഷണശീലം - പ്രധാന ഭക്ഷണം, മറ്റു ഭക്ഷണങ്ങൾ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ
   2) സാമൂഹികം - പ്രധാന ഉപവിഭാഗങ്ങൾ, അവയുടെ ധർമങ്ങൾ
   3) വിവാഹം - വിവാഹനിയമങ്ങൾ, വിവാഹപ്രായം, സാമ്പത്തിക ഇടപാട്, സ്ത്രീധനം, വിവാഹശേഷമുള്ള വാസസ്ഥലം.....
   4) കുടുംബരീതി- കുടുംബത്തിന്റെ ഘടന, വലുപ്പം, പാരമ്പര്യം, പിന്തുടർച്ചാവകാശം, കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ

5) ജീവിതചക്രവുമായി ബന്ധപ്പെട്ട ചടങ്ങുകൾ - ജനനം, കൗമാരകാലഘട്ടം, വിവാഹം, മരണം തുടങ്ങി ഓരോ ഘട്ടത്തിലും നടത്തുന്ന ചടങ്ങുകൾ.
6) സാമ്പത്തികപ്രവർത്തനങ്ങൾ - പ്രധാന വിഭവങ്ങൾ, സമുദായത്തിന്റെ തൊഴിൽ
   എ) പരമ്പരാഗതം ബി) പ്രാഥമികം
   സി) അനുബന്ധമേഖലകൾ, കച്ചവടം, വിനിമയം തുടങ്ങിയവ.
7) സാമൂഹികനിയന്ത്രണമാർഗങ്ങൾ - സമുദായത്തിലുള്ള പ്രാദേശികവും പരമ്പരാഗതവുമായ സമിതികൾ.... ശിക്ഷാരീതികൾ
8) മതപരമായ പ്രത്യേകത - സമുദായത്തിന്റെ മതം പ്രാദേശികദൈവങ്ങൾ, വിശുദ്ധ സ്ഥാനങ്ങൾ, ക്ഷേത്രങ്ങൾ, മതപണ്ഡിതന്മാർ, പ്രധാന ഉത്സവങ്ങൾ തുടങ്ങിയവ.
9) പരസ്പരബന്ധങ്ങൾ - പരമ്പരാഗതമായതും ആധുനികവും
10) വികസനപദ്ധതികളുടെ സ്വാധീനം - സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വൈദ്യുതി, വാർത്താവിനിമയം

IV. സമുദായത്തിന്റെ ജീവിതം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള പ്രധാന നിരീക്ഷണങ്ങൾ.

V. റിപ്പോർട്ട് തയാറാക്കൽ:

തലവാക്യങ്ങളും ഉപ തലവാക്യങ്ങളും
പഠനവിഷയത്തെക്കുറിച്ചുള്ള പ്രസ്താവന

- പഠനലക്ഷ്യങ്ങൾ
- വിഷയവുമായി ബന്ധപ്പെട്ട മുൻകാലപഠനങ്ങൾ വിവരിക്കൽ
- രീതിശാസ്ത്രം - പഠനസ്ഥലം, പഠനത്തിനുപയോഗിക്കുന്ന രീതി, മാർഗം, മാതൃകകൾ തിരഞ്ഞെടുക്കൽ
- വിവരങ്ങളുടെ ക്രമീകരണം - വിവരങ്ങളുടെ വിശദീകരണം, വിശകലനം, ഗ്രാഫുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവ
- റഫറൻസ് ഗ്രന്ഥങ്ങൾ
- അനുബന്ധം

(എസെൻഷ്യൽസ് ഓഫ് കൾച്ചറൽ ആന്ത്രോപോളജി - എ.ആർ. എൻ. ശ്രീവാസ്തവ, പേജ് നമ്പർ 57-58)

## വംശതാരതമ്യശാസ്ത്രം (Ethnology)

ഒന്നിലധികം വംശങ്ങളുടെയോ സംസ്കാരങ്ങളുടെയോ താരതമ്യപഠനമാണ് വംശീയതാരതമ്യ പഠനം. ബ്രിട്ടനിൽ സാമൂഹികനരവംശശാസ്ത്രം ആദ്യകാലഘട്ടങ്ങളിൽ വംശീയതാരതമ്യപഠനം എന്നാണ് അറിയപ്പെട്ടിരുന്നത്. ഇത് ഒരു ചരിത്രപരമായ പഠനംകൂടിയാണ്. ഒരു സംസ്കാരത്തെക്കുറിച്ചോ വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ചോ ഉള്ള ഒരു ബാഹ്യവീക്ഷണമാണ് (Etic) വംശീയതാരതമ്യപഠനം. വംശീയവിവരണം തയാറാക്കുന്നതിന് പ്രധാനമായും നേരിട്ടുള്ള ഇടപഴകലിലൂടെയാണ് പ്രാഥമികവിവരങ്ങൾ ശേഖരിക്കുന്നത്. ഇതിന് ആളുകളുമായി വളരെ അടുപ്പം രൂപപ്പെടുത്തേണ്ടതുണ്ട്. എന്നാൽ, വംശീയതാരതമ്യപഠനങ്ങളിൽ ജനങ്ങളുമായി നേരിട്ട് ഇടപഴകേണ്ട ആവശ്യമില്ല. ലഭ്യമായ രണ്ടു വംശീയവിവരണങ്ങളുടെ സഹായത്താൽ ഒരു വംശീയതാരതമ്യപഠനം തയാറാക്കാവുന്നതാണ്. വംശീയവിജ്ഞാനീയത്തിന്റെ പ്രധാന പ്രത്യേകതകൾ താഴെ പറയുന്നവയാണ്.

- വിവരണാത്മകമാണ്.
- ചരിത്രപരമായതാണ്.
- താരതമ്യാധിഷ്ഠിതമാണ്.
- വ്യത്യസ്തമായ രണ്ടു വംശീയവിവരണങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാവാം.
- പ്രാഥമികവിവരങ്ങളെ മാത്രം ആശ്രയിക്കണമെന്നില്ല.
- വ്യത്യസ്ത പ്രദേശങ്ങളിലും കാലഘട്ടങ്ങളിലുമുള്ള സംസ്കാരങ്ങളെക്കുറിച്ചു പഠിക്കുന്നു.

*വംശീയവിവരണപഠനം, വംശീയതാരതമ്യപഠനം എന്നീ രണ്ടു പദങ്ങളും നിങ്ങൾ പരിചയപ്പെട്ടുവല്ലോ. അവ തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന ചാർട്ട് തയാറാക്കാം.*



## സംഗ്രഹം

- മനുഷ്യജീവിതത്തിന്റെ സാമൂഹിക-സാംസ്കാരിക തലങ്ങളെക്കുറിച്ചും സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും പഠിക്കുന്ന നരവംശശാസ്ത്രശാഖയാണ് സാമൂഹിക- സാംസ്കാരിക നരവംശശാസ്ത്രം. ഈ ശാസ്ത്രശാഖയെ ചില പണ്ഡിതർ സമൂഹനരവംശശാസ്ത്രമെന്നും മറ്റുചിലർ സാംസ്കാരികനരവംശശാസ്ത്രമെന്നും വിശേഷിപ്പിക്കുന്നുണ്ട്. സമൂഹ നരവംശശാസ്ത്രമെന്ന പദം ബ്രിട്ടനിലും മറ്റു കോമൺവെൽത്ത് രാജ്യങ്ങളിലും പ്രചാരത്തിലുണ്ടായിരുന്നു. സാംസ്കാരികനരവംശശാസ്ത്രം എന്ന പദം പ്രചാരത്തിലുണ്ടായിരുന്നത് അമേരിക്കയിലാണ്. ഇന്ത്യയിൽ സാമൂഹിക- സാംസ്കാരികനരവംശശാസ്ത്രമെന്ന പദമാണ് കൂടുതലായും ഉപയോഗിക്കുന്നത്.
- സംസ്കാരത്തിന് ആദ്യ നരവംശശാസ്ത്രനിർവചനം നൽകിയത് എഡ്വേഡ് ബേണറ്റ് ടെയ്‌ലറാണ് (1871). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സംസ്കാരം സമൂഹത്തിലെ ഒരു വ്യക്തി എന്ന നിലയിൽ മനുഷ്യൻ ആർജിച്ചെടുക്കുന്ന അറിവ്, വിശ്വാസങ്ങൾ, കല, ധാർമികത, നിയമങ്ങൾ, ആചാരങ്ങൾ, മറ്റു കഴിവുകൾ, ശീലങ്ങൾ എന്നിവയെല്ലാം ചേർന്ന സങ്കീർണതയുടെ ആകത്തുകയാണ്.
- ചില പണ്ഡിതർ സംസ്കാരത്തെ നാഗരികതയിൽനിന്നു വേർതിരിച്ചു കാണുന്നുണ്ട്. നാഗരികതയെ സംസ്കാരത്തിന്റെ വികസിതരൂപമായാണ് ചിലർ നിർവചിച്ചിരിക്കുന്നത്. സംസ്കാരത്തിന് ഭൗതികവും ഭൗതികേതരവുമായ തലങ്ങളുണ്ട്.
- നരവംശശാസ്ത്രത്തിലെ രണ്ടു പ്രധാന സാംസ്കാരികാശയങ്ങളാണ് സ്വസംസ്കാര കേന്ദ്രോന്മുഖതയും സാംസ്കാരികാപേക്ഷികതാവാദവും. സ്വസംസ്കാരത്തിലെ മൂല്യങ്ങളും വഴക്കങ്ങളും മാനദണ്ഡമാക്കി മറ്റു സംസ്കാരങ്ങളെ വിലയിരുത്തുന്ന സമീപനമാണ് സ്വസംസ്കാരകേന്ദ്രോന്മുഖത. ഇതിനു നേർ വിപരീതമായ സമീപനമാണ് സാംസ്കാരികാപേക്ഷികതാവാദം.
- സംസ്കാരത്തിന്റെ വ്യത്യസ്ത കാഴ്ചപ്പാടുകൾ ആന്തരികവീക്ഷണത്തിലൂടെയും ബാഹ്യവീക്ഷണത്തിലൂടെയും മനസ്സിലാക്കാം. സ്വസംസ്കാരത്തെക്കുറിച്ച് അവരവരുടെതന്നെ കാഴ്ചപ്പാടിന് ആന്തരികവീക്ഷണമെന്നും പുറമെയുള്ളവർ ആ സംസ്കാരത്തെ കാണുന്ന രീതിയെ ബാഹ്യവീക്ഷണമെന്നും പറയുന്നു.

- ഒരു സംസ്കാരത്തിലെ വിഭജിക്കാൻ കഴിയാത്ത, പ്രവർത്തനക്ഷമതയുള്ള ഏറ്റവും ചെറിയ ഭാഗമാണ് സാംസ്കാരികഘടകം. വളരെ അധികം ഘടകങ്ങൾ ഒന്നിച്ചുചേർന്ന് സംസ്കാരത്തിന്റെ അർഥവത്തായ ഒരു ഭാഗമായി മാറുമ്പോൾ അതിനെ സാംസ്കാരിക ഘടകസഞ്ചയം എന്നു പറയുന്നു.
- ഒരു വ്യക്തി തന്റെ സംസ്കാരത്തിൽനിന്നു ജീവിതരീതിയും പെരുമാറ്റരീതികളും ആർജിച്ചെടുക്കുന്ന പ്രക്രിയയാണ് സ്വസംസ്കാരസ്വാംശീകരണം.
  മറ്റൊരു സംാസ്കാരവുമായുള്ള നിരന്തര സമ്പർക്കംമൂലം സംസ്കാരത്തിനുണ്ടാകുന്ന മാറ്റങ്ങളെ അപരസംസ്കാരസ്വാംശീകരണം എന്നു പറയുന്നു.
- തീർത്തും അപരിചിതമായ അപരസംസ്കാരവുമായി ആദ്യമായി സമ്പർക്കമുണ്ടാകുമ്പോൾ ആളുകളഭിമുഖീകരിക്കേണ്ടുന്ന വൈകാരികവും സാമൂഹികവുമായ പൊരുത്തക്കേടിനെ സംസ്കാരാഘാതമെന്നു പറയാം.
- വംശീയകേന്ദ്രോന്മുഖതയുള്ളവർക്ക് സംസ്കാരാഘാതം കൂടുതലായി അനുഭവിക്കേണ്ടി വരും. ഭൗതികസംസ്കാരവും ഭൗതികേതരസംസ്കാരവും തമ്മിലുള്ള മാറ്റത്തിന്റെ അന്തരമാണ് സാംസ്കാരികചലനമാന്ദ്യം.
- സമൂഹമെന്നത് സംസ്കാരമല്ല. എന്നാൽ സമൂഹത്തിന് സംസ്കാരമുണ്ട്. സംസ്കാരം എന്നത് സമൂഹത്തിന്റെ ഉൽപ്പന്നമാണ്.
- സാമൂഹികമായി അംഗീകരിക്കപ്പെട്ട വ്യക്തികളുടെ വ്യവഹാരരീതികളാണ് സാമൂഹിക സ്ഥാപനങ്ങൾ. സമൂഹത്തിൽ നിലനിൽക്കുന്ന വഴക്കങ്ങളും മൂല്യങ്ങളുമാണ് ഇവയെ നിയന്ത്രിക്കുന്നത്. കുടുംബം, വിവാഹം, മതം തുടങ്ങിയവ സാമൂഹികസ്ഥാപനങ്ങൾക്കുദാഹരണങ്ങളാണ്.
- പൊതുവായതും അടിസ്ഥാനപരവുമായ അവസ്ഥകൾ പങ്കുവയ്ക്കുന്ന വിധത്തിൽ ഒരുമിച്ചു ജീവിക്കുന്ന ചെറുതോ വലുതോ ആയ ഒരു കൂട്ടം ആളുകൾ ചേർന്നതാണ് സമുദായം.
- ഒരു പ്രത്യേക ലക്ഷ്യത്തിനായോ ഒരു കൂട്ടം ലക്ഷ്യങ്ങൾക്കായോ ഒരുമിച്ചു ചേർന്ന വ്യക്തികളുടെ കൂട്ടമാണ് സംഘടന.
  സംഘടനകൾ പോലെത്തന്നെ ഒരേ താൽപ്പര്യമുള്ള വ്യക്തികൾ ഒത്തുചേർന്ന് ചില സംഘങ്ങൾ രൂപീകരിക്കാറുണ്ട്. പ്രാഥമികസംഘങ്ങളും ദ്വിതീയസംഘങ്ങളുമുണ്ട്.
- ഒരു സാമൂഹികസ്ഥാപനത്തിലോ സംഘടനയിലോ സംഘത്തിലോ അംഗമെന്ന നിലയിൽ വ്യക്തിക്ക് ആ സംഘത്തിലുള്ള സ്ഥാനത്തെ പദവി എന്നു പറയുന്നു. അതത് സ്ഥാനത്തിനനുസരിച്ച് ആ വ്യക്തി പല കടമകളും നിർവഹിക്കേണ്ടതിനെ പങ്ക് എന്നു പറയുന്നു. ജനനംകൊണ്ടു തന്നെ ഒരു വ്യക്തിക്കു ലഭിക്കുന്ന പദവിയാണ് ജന്മസിദ്ധപദവി. എന്നാൽ സ്വപ്രയത്നവും കഴിവുംകൊണ്ട് വ്യക്തി നേടിയെടുക്കുന്ന പദവിയാണ് ആർജിതപദവി.
- സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം ക്രമീകരിച്ചിരിക്കുന്ന രീതിയാണ് സാമൂഹികഘടന. എന്നാൽ സമൂഹത്തിലെ വ്യക്തികളുടെയും സംഘങ്ങളുടെയും പ്രവർത്തനങ്ങളുടെ ക്രമീകരണമാണ് സാമൂഹികസംഘാടനം.
- വംശീയവിവരണപഠനം സമൂഹനരവംശശാസ്ത്രത്തിന്റെ പ്രാഥമിക പഠനമേഖലയായിരുന്നു. ഇത് ഒരു സംസ്കാരത്തെക്കുറിച്ചുള്ള പരിപൂർണവിവരണമാണ്. വംശീയതാരതമ്യപഠനമെന്നത് പല സംസ്കാരങ്ങളെയും വംശങ്ങളെയും കുറിച്ചുള്ള താരതമ്യപഠനമാണ്.

## പഠിതാവ് പ്രകടിപ്പിക്കുന്ന ശേഷികൾ

- സാമൂഹിക - സാംസ്കാരികനരവംശശാസ്ത്രത്തിന്റെ അർഥം വിശകലനം ചെയ്യുന്നു. അമേരിക്കൻ, ബ്രിട്ടിഷ്, ഇന്ത്യൻ പാരമ്പര്യങ്ങളെ വേർതിരിച്ച് മനസ്സിലാക്കുന്നു.
- സംസ്കാരത്തിന്റെ അർഥം നിർവചനം എന്നിവ തിരിച്ചറിയുന്നു. അതിന്റെ പ്രത്യേകതകളും വിവിധ ഘടകങ്ങളും വേർതിരിച്ചറിഞ്ഞ് സംസ്കാരം നാഗരികതയിൽനിന്ന് വിഭിന്നമാണെന്ന് തിരിച്ചറിയുന്നു.
- സംസ്കാരവുമായി ബന്ധപ്പെട്ട വ്യത്യസ്ത ആശയങ്ങൾ വേർതിരിച്ചറിയുന്നു. അവയുടെ പ്രയോഗതലങ്ങൾ പരിശോധിച്ചറിയുന്നു.
- സമൂഹമെന്ന ആശയത്തെ സംസ്കാരമെന്ന ആശയത്തിൽ നിന്നു വ്യത്യാസപ്പെടുത്തുന്നു സമൂഹവുമായി ബന്ധപ്പെട്ട പല ആശയങ്ങളും വ്യക്തമാക്കുന്നു.
- പദവി, പങ്ക് എന്നീ ആശയങ്ങളെക്കുറിച്ച് ധാരണ രൂപപ്പെടുന്നു. നിത്യജീവിതത്തിലുള്ള അവയുടെ പ്രയോഗതലം കണ്ടെത്തുന്നു.
- സാമൂഹികഘടന എന്ന ആശയം വിശകലനം ചെയ്യുന്നു. അതിനെ സാമൂഹികസംഘാടനത്തിൽ നിന്നു വേർതിരിച്ചറിയുന്നു.
- വംശീയവിവരണപഠനവും വംശീയതാരതമ്യപഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് സ്വന്തം സംസ്കാരത്തിന്റെ ഒരു ലഘുവിവരണം തയാറാക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. പുസ്തകങ്ങൾ ക്രമീകരിക്കുന്നതിനിടയിൽ ഗ്രന്ഥശാലയുടെ നടത്തിപ്പുകാരൻ നിങ്ങളോട്, ഒരേ ഉള്ളടക്കമുള്ള പുസ്തകങ്ങൾക്ക് സാമൂഹികനരവംശശാസ്ത്രം, സാംസ്കാരികനരവംശശാസ്ത്രം, സാമൂഹിക-സാംസ്കാരികനരവംശശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത പേരുകൾ വന്നതെങ്ങനെയെന്നു ചോദിക്കുന്നു. ഈ വ്യത്യാസം നിങ്ങൾ എങ്ങനെ വിശദീകരിക്കും? നരവംശശാസ്ത്രത്തിലെ വിവിധ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇവ വിശദമാക്കുക.
2. സംസ്കാരം സാർവത്രികമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ലോകത്തിലെ വ്യത്യസ്ത സംസ്കാരങ്ങളിൽ സാർവത്രികമായി കാണപ്പെടുന്ന ഘടകങ്ങൾ കണ്ടെത്തുക.
3. നിങ്ങളുടെ ചുറ്റുപാടിൽനിന്നു വ്യത്യസ്ത സംസ്കാരഘടകങ്ങൾ കണ്ടെത്തുക. അവയെ വിവിധ സാംസ്കാരികഘടകസഞ്ചയത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് അവ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തുക.
4. 'സമൂഹത്തിന്റെ പ്രവർത്തനമെന്നാൽ അതിലെ സാമൂഹികസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളാണ് 'സാമൂഹികസ്ഥാപനങ്ങളായ കുടുംബം, വിവാഹം മുതലായവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിശകലനം ചെയ്യുക.
5. നരവംശശാസ്ത്രത്തിലെ വംശീയവിവരണപഠനങ്ങളിൽ ഫീൽഡ്‌വർക്കിന്റെ വികാസവുമായി ബന്ധപ്പെട്ട പ്രധാന വഴിത്തിരിവുകൾ കാണിക്കുന്ന ഒരു കാലാനുക്രമരേഖ തയാറാക്കുക.
6. നിങ്ങളുടെ സംസ്കാരത്തെക്കുറിച്ച് ഒരു വംശീയവിവരണം തയാറാക്കുക.
7. കുടുംബം ഒരേസമയം സാമൂഹികസ്ഥാപനവും പ്രാഥമികസംഘവുമാണ്. സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചും സംഘങ്ങളെക്കുറിച്ചുമുള്ള നിങ്ങളുടെ അറിവിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന ന്യായീകരിക്കുക.

8. താഴെ കൊടുത്ത പദങ്ങളെ ഉചിതമായ രണ്ടു തലക്കെട്ടുകളിൽ ക്രമീകരിക്കുക. (വിവരണാത്മകം, വംശങ്ങളുടെ വിവരണം, താരതമ്യപഠനം, ഫീൽഡ്‌വർക്ക്, ഏക സംസ്കാരം, ദ്വിതീയദത്തങ്ങൾ, ഒരു സംസ്കാരത്തിന്റെ വിവരണം, രണ്ടോ അതിലധികമോ സംസ്കാരങ്ങൾ)
9. സമൂഹം, സംസ്കാരം എന്നീ ആശയങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു പ്രശ്നോത്തരിമത്സരം നടത്താൻ ഒറ്റ വാക്കിൽ ഉത്തരം പറയാവുന്ന 10 ചോദ്യങ്ങൾ തയാറാക്കുക.

## അനുബന്ധം

### തോട ഗോത്രവർഗ വംശവിവരണം
### (Brief Ethnography of the Toda)

തെക്കേ ഇന്ത്യയിലെ നീലഗിരിക്കുന്നുകളിൽ ജീവിക്കുന്ന, മൃഗപരിപാലനം (Pastoral) ജീവസന്ധാരണമാക്കിയ ഗോത്രവിഭാഗമാണ് തോട. മറ്റ് ഗോത്രവിഭാഗങ്ങളായ ബഡഗ, കോട്ട, കുറുംബ, ഇരുള വിഭാഗങ്ങളും അവിടെ അധിവസിക്കുന്നുണ്ട്. നീളംകൂടിയ ശരീരം, വെളുത്ത നിറം, വീതി കുറഞ്ഞതും നീളം കൂടിയതുമായ മൂക്ക്, നീളം കൂടിയ തല, കറുത്തതും തരംഗരൂപത്തിലുള്ളതുമായ മുടി എന്നിവയാണ് ഇവരുടെ ശാരീരിക പ്രത്യേകതകൾ. തോട എന്ന പദം അവരുടെ പവിത്രമരമായ ടുൻട്ര (Tundra) എന്ന പദത്തിൽനിന്നാണ് ഉരുത്തിരിഞ്ഞത്. തോടരുടെ ജനസംഖ്യ വളരെ കുറവാണ്. അതുകൊണ്ടുതന്നെ അവരെ സംരക്ഷിക്കാൻ ഭരണകൂടങ്ങൾ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

**ഭൗതികസംസ്കാരം** : മൃഗപരിപാലന സമ്പദ്‌വ്യവസ്ഥയുടെ ഒരു മികച്ച ഉദാഹരണമാണ് തോട സമ്പദ്‌വ്യവസ്ഥ. അവർക്ക് കൃഷിയോ വേട്ടയാടലോ വശമില്ല. എരുമകളെ വളർത്തിയാണ് അവർ ഉപജീവനം നടത്തുന്നത്. തൈര്, വെണ്ണ, നെയ്യ് എന്നിവ എരുമപ്പാലിൽനിന്ന് അവർ ഉൽപ്പാദിപ്പിക്കുന്നു. ആവശ്യം കഴിഞ്ഞുള്ള ഉൽപ്പന്നങ്ങൾ അവർ വിൽക്കുകയോ അയൽഗോത്രങ്ങളിൽ കൈമാറുകയോ ചെയ്യുന്നു.

**തൊഴിൽവിഭജനം:** ഓരോ കുടുംബവും വളരെയധികം എരുമകളെ സംരക്ഷിക്കുന്നുണ്ട്. പുരുഷന്മാരാണ് എല്ലാദിവസവും രാവിലെ മൃഗങ്ങളെ മേയ്ക്കാൻ പുറത്തേക്കു കൊണ്ടുപോകുന്നത്. പാലുൽപ്പന്നങ്ങൾ തയാറാക്കുന്ന സ്ഥലത്തേക്ക് (Dairy house) കയറുന്നതിന് വിലക്കുകൾ (taboos) നിലനിൽക്കുന്നതിനാൽ സ്ത്രീകൾക്ക് പ്രവേശനമില്ല. അവരുടെ ജീവിതത്തിൽ പാലിന് സാമൂഹികവും മതപരവുമായ പ്രാധാന്യമുണ്ട്. ദിവസവും അതിരാവിലെയും വൈകുന്നേരവുമായാണ് കറവ നടത്തുന്നത്. എരുമകൾ രണ്ടുതരത്തിലുണ്ട് - സാധാരണ എരുമകളും വിശുദ്ധ എരുമകളും. ഓരോ കുടുംബവും അവരുടെ ആവശ്യങ്ങൾക്കായി നിലനിർത്തുന്നവയാണ് സാധാരണ എരുമകൾ. എന്നാൽ വിശുദ്ധഎരുമകളെ വിശുദ്ധസ്ഥാനങ്ങളിൽ (പ്രത്യേക സ്ഥലം) വളർത്തുന്നു. അവയുടെ പാൽ മാത്രമേ ദൈവങ്ങൾക്ക് നിവേദിക്കാൻ ഉപയോഗിക്കൂ.

**ഭക്ഷണം**: പൂർണമായും സസ്യാഹാരികളാണ് തോടവംശക്കാർ. പാലിൽ വേവിച്ചെടുത്ത അരിയാണ് അവരുടെ ഇഷ്ടഭക്ഷണം. പാൽ, കടഞ്ഞെടുത്ത പാൽ, തൈര് എന്നിവയും അവരുടെ പ്രധാനഭക്ഷണമാണ്. ഇലകളും പച്ചക്കറികളും ധാരാളമായി പ്രധാന ഭക്ഷണങ്ങളിൽ അവർ ഉൾക്കൊള്ളിക്കുന്നു. ദൈവത്തിന് കുരുതികൊടുത്ത എരുമയുടെ മാംസം പരിശുദ്ധമായി കണക്കാക്കുന്നതിനാൽ വാർഷിക ഉത്സവങ്ങളുടെ ഭാഗമായി അവർ അത് ഭക്ഷിക്കാറുണ്ട്. തോട സമുദായത്തിലെ പല സ്ത്രീകളും പുരുഷന്മാരും മദ്യത്തിന് അടിമകളാണ്. ഇവരിൽ പുകവലിശീലവും കാണപ്പെടുന്നു.

**വിനിമയരീതി**: തോടരുടെ കമ്പോളമെന്നത് അയൽവാസികളായ വീട്ടുകാർ തന്നെയാണ്. അയൽസമൂഹമായ ബഡഗ പാലിനു പകരം അവർക്ക് കാർഷികോൽപ്പന്നങ്ങൾ നൽകുന്നു. കോട്ട അവർക്ക് മൺപാത്രങ്ങളും ഇരുമ്പുകൊണ്ടുണ്ടാക്കിയ വീട്ടുപകരണങ്ങളും നൽകുന്നു. ഭക്ഷ്യശേഖരണവും വേട്ടയാടലും ഉപജീവനമായുള്ള ഇരുള, കുറുംബ ഗോത്രവിഭാഗങ്ങൾ അവർക്ക് തേൻ, പഴങ്ങൾ, കിഴങ്ങുകൾ, പച്ചക്കറികൾ എന്നിവ പാലിനും പാലുൽപ്പന്നങ്ങൾക്കും പകരമായി നൽകുന്നു.

### വാസസ്ഥലങ്ങളുടെ ക്രമീകരണം (Settlement)

ഒരു തോടഗ്രാമത്തിൽ പത്തോ പന്ത്രണ്ടോ കുടിലുകളാണുണ്ടാവുക. അവ 'മാണ്ടു' എന്നാണ് അറിയപ്പെടുന്നത്. രണ്ടുതരത്തിലുള്ള കുടിലുകളുണ്ട്. ഒന്ന് അർധവീപ്പയുടെ ആകൃതിയിലുള്ള താണ്. അതിനെ രണ്ട് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്, ഉള്ളിലുള്ള മുറിയും പുറമെയുള്ള മുറിയും. ഉൾഭാഗത്തുള്ള മുറി ജോലിസ്ഥലമായി കണക്കാക്കുന്നു. അവിടെ സ്ത്രീകൾക്ക് പ്രവേശനമില്ല. പുറമെയുള്ള മുറി താമസത്തിനും മറ്റു വീട്ടുജോലികൾക്കും ഉള്ളതാണ്. രണ്ടാമത്തെ കുടിൽ വൃത്താകൃതിയിലുള്ളതും കല്ലുകൊണ്ട് നിർമിച്ചതുമാണ്. വിശുദ്ധ എരുമകളെ താമസിപ്പിക്കാനാണ് ഇത്തരം കുടിലുകൾ ഉപയോഗിച്ചിരുന്നത്.

**വസ്ത്രം** : ലളിതമായ വസ്ത്രധാരണരീതിയാണ് തോടർക്കുള്ളത്. നീളം കൂടിയ വെള്ളത്തുണി ഉപയോഗിച്ച് അരക്കെട്ടിൽ ചുറ്റി (ലങ്കോട്ടി രൂപത്തിൽ) അതിന്റെ ഒരു ഭാഗം തോളിൽ ഇടുന്ന രീതിയിലാണ് പുരുഷന്മാരുടെ വസ്ത്രധാരണം. ഇത് അവരുടെ പരമ്പരാഗതവേഷമാണ്. നീളം കൂടിയ കട്ടിയുള്ള തുണി ഉപയോഗിച്ച് ശരീരത്തിന്റെ ഏകദേശം മുഴുവൻ ഭാഗവും മറയ്ക്കുന്ന രീതിയിലാണ് സ്ത്രീകളുടെ വസ്ത്രധാരണം. നീളമുള്ള മുടി മെടഞ്ഞിടുന്നതാണ് അവരുടെ രീതി. കമ്മൽ, മൂക്കുത്തി തുടങ്ങിയ ആഭരണങ്ങളും അവർ ഉപയോഗിക്കാറുണ്ട്. സ്ത്രീകൾ തുന്നൽവിദഗ്ധരുമാണ്.

**സാമൂഹികസംവിധാനം** : സ്വഗണവിവാഹം നടത്തുന്നവരാണ് തോടസമൂഹം. വിവാഹബന്ധങ്ങൾ അവരുടെ ഗോത്രത്തിൽനിന്നു മാത്രമേ നടത്താറുള്ളൂ. താർതാറോൾ, തെയ്‌വാലിയോൾ എന്നീ രണ്ട് അർധവിഭാഗങ്ങളായി (സമാംശങ്ങളായി) ഈ ഗോത്രവർഗം വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ അർധവിഭാഗവും സ്വഗണവിവാഹമാണ് പിന്തുടരുന്നത്. താർതാറോൾ വിഭാഗത്തിലെ അംഗങ്ങൾ തങ്ങൾ തെയ്‌വാലിയോൾ വിഭാഗത്തേക്കാൾ ശ്രേഷ്ഠരാണെന്നു കരുതുന്നു.

**കുടുംബം**: ബഹുഭർതൃത്വത്തിൽ അധിഷ്ഠിതമായ കുടുംബമാണ് തോടയ്ക്കുള്ളത്. ഒരു സ്ത്രീയും അവരുടെ ഒന്നിലധികം ഭർത്താക്കന്മാരും കുട്ടികളും അടങ്ങുന്നതാണ് ഇത്തരത്തിലുള്ള കുടുംബങ്ങൾ. ഈ ഭർത്താക്കന്മാർ സഹോദരന്മാരോ പരസ്പരം ബന്ധം ഇല്ലാത്തവരോ ആകാം. കുട്ടികൾ അറിയപ്പെടുന്നത് അമ്മ വഴിയുള്ള ബന്ധങ്ങളിലൂടെയാണ്.